


# മലങ്കരസഭ

## മാസിക

1988 നവംബർ
ലക്കം 11 പുസ്തകം 43



പരിശുദ്ധ കാതോലിക്കാബാവാതിരുമനസ്സിലെ 13–ാം സ്ഥാനാരോഹണവാർഷികത്തോടനുബന്ധിച്ച് കോട്ടയം കുരിശുപള്ളിയിൽവച്ചു നടന്ന സമ്മേളനത്തിൽ പ. ബാവാതിരുമേനി മറുപടിപ്രസംഗം ചെയ്യുന്നു.



**For Favours Received**



Varghese Kurian
(Kunjumon Ellickal & Family)
New Hyde Park, Queens,
New York, U. S. A.

# മലങ്കര സഭ

10-11-1988

## ഈ ലക്കത്തിൽ


എഡിറ്റോറിയൽ

ഒരു വർഷം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷങ്ങൾ

പരിശുദ്ധ പരുമല തിരുമേനിയുടെ വാക്കുകൾ

സന്യാസ ജീവിതം

ബസ്ക്യാമ്മമാരും കുടുംബജീവിതവും

അനുതാപ ഗീതങ്ങൾ

ഓർത്തഡോക്സ് സെമിനാരി....

സംശയങ്ങൾ ചോദിക്കുക

നാം ക്രിസ്തുവിൻ പടയാളികൾ

നമ്മുടെ ആദ്ധ്യാത്മിക....

ഈ വ ളി കേൾക്കുമോ ?

സഭാവാർത്തകൾ

ബൈബിൾപഠനം



EDITORIAL BOARD

H. G. Mathews Mar Barnabas Metropolitan (President)

H. G. Philipose Mar Eusebios Episcopa (Vice President)

Rev. Dr. Jacob Kurian (Chief Editor)

Rev. Dr. V. C. Samuel

Rev. Fr. T. J. Joshua

Prof: C. J. Mannummood

Prof. O. P. Kurian

Prof. T. T. Kuriakose

Mr. O. A. Mathew

Mr. Abraham Zacharia, Chempakamadom

Rev. Fr. T. G. Zacharia (Manager)


### എഡിറ്റോറിയൽ

## വികസന പ്രവർത്തനങ്ങളും പിരിവുകളും

പരിശുദ്ധനായ പരുമല തിരുമേനിയുടെ പെരുന്നാൾ നവംബർ 2-ാം തീയതി നാം ആചരിച്ചുകഴിഞ്ഞു. സമഗ്രമായ ആദ്ധ്യാത്മികതയുടെ നിതാന്ത നിർന്ധരിണിയാണ് ആ പരിശുദ്ധന്റെ ഓർമ്മയുടെ ഓരോ സന്ദർഭവും. സ്വയംനീതീകരണത്തിന്റെ വ്രതനിഷ്ഠകളുടേയോ, ഔദ്ധത്യം സ്ഫുരിക്കുന്ന വേദശാസ്ത്രപാരംഗതയുടേയോ, സ്വയപ്രശംസ ധ്വനിക്കുന്ന സമൂഹ്യസേവനത്തിന്റെയോ, വേറിട്ടുനില്ക്കുന്ന വിശുദ്ധിയല്ല പരുമല തിരുമേനി പ്രതിനിധാനം ചെയ്യുന്നത്. നിരന്തരമായ ദൈവസംസർഗ്ഗത്തിൽകൂടി, മനുഷ്യജീവിതത്തിന്റെ മുഴുവൻ തലങ്ങളേയും, ആത്മാവിനെയും, മനസിനെയും, ശരീരത്തെയും, വ്യക്തിയെയും, സമൂഹത്തെയും ദൈവാഭിമുഖമായി രൂപാന്തരപ്പെടുത്തുന്ന ആദ്ധ്യാത്മികതയായിരുന്നു ആ പരിശുദ്ധന്റേത്. അതുകൊണ്ടുതന്നെ സഭയുടെ സമഗ്രമായ വികസനത്തിന്റെ പല നീർച്ചാലുകളും ആ പരിശുദ്ധന്റെ ദർശനത്തിൽനിന്നും പരിപാലനത്തിൽനിന്നും ഒഴുകുവാൻ തുടങ്ങിയിട്ടുണ്ട് എന്ന വസ്തുത ചാരിതാർത്ഥ്യജനകമാണ്.

സഭയിലെ വികസനപരമായ പ്രവർത്തനങ്ങളുടെ സുവർണ്ണകാലഘട്ടത്തിന് ചുക്കാൻ പിടിച്ചുകൊണ്ട് പരിശുദ്ധ കാതോലിക്കാബാവാ തിരുമേനി ഭരണസാരഥ്യത്തിൽ പതിമൂന്ന് വർഷങ്ങൾ പൂർത്തിയാക്കുന്ന സന്ദർഭം കൂടിയാണിത്. പരിശുദ്ധ പിതാവിനോടൊപ്പം സർവ്വശക്തനായ ദൈവംതമ്പുരാനെ സ്തുതിച്ചുകൊണ്ടും, ഹൃദയംഗമമായ ആശംസകൾ പിതാവിന് അർപ്പിച്ചുകൊണ്ടും സഭയുടെ വികസന പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു ചർച്ച തുടങ്ങുവാൻ ആഗ്രഹിക്കുന്നു.

സഭയുടെ വികസന പ്രവർത്തനങ്ങൾ പല മണ്ഡലങ്ങളിലായി നടന്നുവരുന്നുണ്ട്. സഭയ്ക്ക് പൊതുവായിട്ടുള്ള വിദ്യാഭ്യാസത്തിന്റെയും ആതുരസേവനത്തിന്റെയും പ്രവർത്തനങ്ങൾ കൂടാതെ വിവിധ പ്രസ്ഥാനങ്ങളുടേയും ഭദ്രാസനങ്ങളുടേയും സമൂഹങ്ങളുടേയും സ്ഥാപനങ്ങളുടേയും ഇട വകകളുടേയും ആഭിമുഖ്യത്തിൽ പല പരിപാടികളും ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നു. ഒന്നും അനാവശ്യമെന്നോ അപ്രസക്തമെന്നോ പറയുവാൻ സാധിക്കുകയില്ല. എന്നാൽ താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുകൊണ്ട് വികസനപ്രവർത്തനങ്ങളുടെ പാതയിൽ നാം മുമ്പോട്ടു പോകണം എന്ന എളിയ നിർദ്ദേശം വയ്ക്കുന്നു.

1. ക്രൈസ്തവസഭയുടെ വിദ്യാഭ്യാസപരവും, ആതുരസേവനപരവുമായ പ്രവർത്തനങ്ങൾക്ക് കാലോചിതമായ മുൻഗണനകളും, ആത്മീകമായ അടിസ്ഥാനങ്ങളും വേണ്ടതല്ലേ? വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങളുടെ കാലോചിതമായ മുൻഗണനകളിൽ, തൊഴിലവസരങ്ങളും പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസപ്രവർത്തനങ്ങളല്ലേ വേണ്ടത്? ആതുരസേവനപരമായ പ്രവർത്തനങ്ങളിൽ ഇനിയും റഫറൽ ആശുപത്രികൾക്കു പകരം, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾക്കും, ഗ്രാമീണ ആരോഗ്യബോധവത്ക്കരണത്തിനും അല്ലേ മുൻതൂക്കം കൊടുക്കേണ്ടത്? രണ്ടിന്റെയും ആത്മീകമായ അടിസ്ഥാനം, 'കുറച്ചു സേവനവും ഏറെ ലാഭവും' എന്നുള്ളതിൽ നിന്നു മാറി, 'സമ്പൂർണ്ണ ജീവനുവേണ്ടിയുള്ള ക്രൈസ്തവ സാക്ഷ്യം' എന്നതിലേക്കായിതീരേണ്ടതല്ലേ?

2. ആഭ്യന്തരമായ വികസന പ്രവർത്തനങ്ങളിൽ തന്നെ ചില വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതല്ലേ? സഭയുടെ പൊതുവായ വികസന പ്രവർത്തനങ്ങളേക്കാൾ കൂടുതലായി ചില പ്രാദേശികമായ വികസന പദ്ധതികൾക്ക് പ്രചാരണവും, പ്രാധാന്യവും കൊടുക്കുന്നത് അഭിലഷണീയമാണോ? സഭയുടെ പൊതുവായ നേതാക്കൾ പോലും, ഇങ്ങനെയുള്ള ചില പ്രാദേശികവും വ്യക്തികേന്ദ്രീകൃതവുമായ പരിപാടികൾക്ക് തങ്ങളുടെ മുഴുവൻ സമയവും ശ്രദ്ധയും കൊടുത്താൽ സംഭവിക്കാൻ പോകുന്നത്, സഭയെക്കാൾ വലിയ വ്യക്തികളും പ്രസ്ഥാനങ്ങളും എന്ന പതനമാണ്. അവയെല്ലാം ആത്യന്തികമായി സഭയ്ക്ക് മുതൽ കൂട്ടല്ലേ എന്നു ചോദിക്കുന്നത് ബാലിശമാണ്.

3. സഭയുടെ പൊതുവായ പ്രവർത്തനങ്ങളായി, സഭയുടെ മുഴുവൻ ശ്രദ്ധയും ഇനിയും പതിയേണ്ട ചില മേഖലകളില്ലേ?, ഹൈറേഞ്ച്, മലബാർ മുതലായവ ഈ ഗണത്തിൽപ്പെടുമല്ലോ. ഇടുക്കിയിൽ നടക്കുന്ന ആതുരസേവന പ്രവർത്തനങ്ങൾ ഒരു ഭദ്രാസനത്തിന്റെ മാത്രം, അതും തരമേതന ഒരിടമായ ഒരു ഭദ്രാസനത്തിന്റെ മാത്രം, ചുമതലയായി ചിത്രീകരിക്കപ്പെടേണ്ടതുണ്ടോ?

4. സഭയുടെ വികസന പ്രവർത്തനങ്ങളുടെ മുൻഗണനാക്രമത്തിൽ മാത്രം പിരിവുകൾ നടത്തുവാൻ അനുവദിക്കുന്നതല്ലേ വേണ്ടിയിരിയ്ക്കുന്നത്? ആർക്കും ഇന്ന് ഏത് വ്യക്തികേന്ദ്രീകൃതമായ പദ്ധതിയുമായി, സ്വദേശത്തും വിദേശത്തും ഉള്ള നമ്മുടെ നല്ല ആളുകളെ പിഴിഞ്ഞെടുക്കുവാൻ സാധിയ്ക്കും. പിരിവിനു പോകുന്ന ആളിന്റെ വാക്ചാതുരിയോ, കൊടുത്തില്ലെങ്കിൽ ദൈവകോപം ഉണ്ടാകുമല്ലോ എന്ന ചിന്തയോ മൂലം, നമ്മുടെ ആളുകളുടെ ക്ഷമയെയും നല്ല മനസിനെയും ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു. കൊടുക്കുന്നവർ കൊടുത്തുകൊള്ളുക. കൊടുപ്പിക്കാതിരിക്കുവാനല്ല ഇങ്ങനെയെഴുതിയത്. കൊടുക്കുന്നതുകൊണ്ട് കൂടുതൽ അർത്ഥവത്തായ വിനിയോഗം ഉണ്ടാകുവാൻ കേന്ദ്രീകൃതമായ ഒരു ക്രമീകരണവും മുൻഗണനാക്രമവും അനിവാര്യമെന്ന് സൂചിപ്പിച്ചുവെന്നുമാത്രം.

ജെ. കെ.

## ജൂബിലി സ്മരണിക

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമജൂബിലി സ്മരണികയിലേക്ക് തങ്ങളുടെ സ്ഥാപനങ്ങളുടെ പരസ്യങ്ങളും വ്യക്തിപരമായ കൃതജ്ഞതാ ബ്ളോക്കുകളും അയച്ചുതരണം. ജീവിച്ചിരുന്നപ്പോഴും കാലംചെയ്ത ശേഷവും തിരുമേനിയിൽ നിന്നു ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളുടെ അനുഭവസാക്ഷ്യങ്ങളും പ്രസിദ്ധീകരണാർത്ഥം അയച്ചുതരിക.

(മാനേജർ)





# ഒരു വർഷം നീണ്ടുനിൽക്കുന്ന ജൂബിലി ആഘോഷങ്ങൾ

പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമരജതജൂബിലി ആഘോഷങ്ങൾ സംബന്ധിച്ച് ആഘോഷകമ്മററി കൺവീനർ അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് തിരുമേനിയും, ജോയിന്റ് കൺവീനർ സഭാട്രസ്ററി ശ്രീ. പി. സി. ഏബ്രഹാമും പുറപ്പെടുവിച്ച പ്രസ്താവനയാണ് ചുവടെ ചേർക്കുന്നത്.

പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമ രജതജൂബിലി വർഷം (1989) മലങ്കര ഓർത്തഡോക്സ് സഭ ലോകമെങ്ങും ആഘോഷിക്കത്തക്കവണ്ണമുള്ള പരിപാടികൾ കോട്ടയം പഴയസെമിനാരിയിൽ ചേർന്ന സഭാ മാനേജിംഗ് കമ്മററിയുടേയും ജൂബിലി ആഘോഷക്കമ്മററിയുടേയും സംയുക്ത യോഗം അംഗീകരിച്ചിരിക്കുന്നു. യോഗത്തിൽ പ. കാതോലിക്കാ ബാവ അദ്ധ്യക്ഷത വഹിച്ചു.

നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് (പ്രസിഡന്റ്) തോമസ് മാർ അത്താനാസ്യോസ് (കൺവീനർ) സഭാട്രസ്ററി പി. സി ഏബ്രഹാം (ജോയിൻ കൺവീവനർ) പ്രോ. മത്തായി (സെക്രട്ടറി) എന്നിവരുടെ മേൽനോട്ടത്തിൽ ആഘോഷ പരിപാടികൾക്ക് വിവിധ കമ്മററികൾ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

ജൂബിലി ആഘോഷങ്ങളുടെ ഉത്ഘാടനം 1989 ജനുവരി എട്ടാം തീയതി കോട്ടയത്തു വച്ച് ആഘോഷമായി നിർവഹിക്കുന്നതാണ്. ജനുവരി ഒന്നാം തീയതി ഞായറാഴ്ച എല്ലാ ദേവാലയങ്ങളിലും പ. ബാവാ തിരുമനസ്സിലെ ചിത്രത്തോടു കൂടിയ പതാക ഉയർത്തും. അന്നേദിവസം രാവിലെ എല്ലാപള്ളികളിലും വി. കുർബാനമദ്ധ്യേ കാലംചെയ്ത ബാവാ തിരുമനസ്സിലേക്കുവേണ്ടിയുള്ള അനുസ്മരണാശുശ്രൂഷ നടത്തും.

എട്ടാം തീയതി മലങ്കരയിലെ എല്ലാ പള്ളികളിൽ നിന്ന് വൈദീകരുടെ നേതൃത്വത്തിൽ കോട്ടയത്തേക്ക് തീർത്ഥാടനം നടത്തും. ഒന്നര മണിയോടെ തീർത്ഥാടക സംഘം നെഹറുസ്റേറഡിയത്തിൽ എത്തിച്ചേരും. അവിടെ നിന്ന് സമ്മേളന സ്ഥലമായ എം. ഡി. സെമിനാരിയിലെ ബസ്സേലിയേസ് നഗറിലേക്ക് ഭക്തിനിർഭരമായ ഒരു വമ്പിച്ച റാലി നടത്തപ്പെടും. റാലിക്കുശേഷം ചേരുന്ന സമ്മേളനത്തിൽ റുമേനിയൻ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസ് പ. തെയോക്ളീറോസ് ബാവ അദ്ധ്യക്ഷം വഹിക്കും. മററു വിദേശസഭാ പ്രതിനിധികളും ഇതിൽ സംബന്ധിക്കും. ആത്മീയ സാമൂഹിക രാഷ്ട്രീയ നേതാക്കന്മാർ ആശംസാ പ്രസംഗങ്ങൾ നടത്തും. റാലിയുടെയും സമ്മേളനത്തിന്റെയും ക്രമീകരണങ്ങൾക്ക് ബേബി അലക്സ്, ഹൈററസ് വർക്കി, കെ. ഒ. കുര്യൻ, എന്നിവരുടെ നേതൃത്വത്തിൽ 1001 പേരടങ്ങുന്ന ഒരു വാളന്റിയർ സംഘം ഉണ്ടായിരിക്കും.

സമ്മേളന നഗറിലേക്കുള്ള കൊടിമരം പ. ബാവാതിരുമനസ്സിലെ ഇടവകയായ കുറിച്ചി വലിയപള്ളിയിൽ നിന്നും, ദീപം കുന്നംകുളം ആർത്താററു വലിയ പള്ളിയിൽ നിന്നും, തിരുമനസിലെ ചിത്രം പത്തനംതിട്ട മാക്കാംകുന്നു പള്ളിയിൽനിന്നും ആഘോഷപൂർവം കൊണ്ടുവരും.

ജൂബിലി സ്മാരകമായി ഓർത്തഡോക്സ് വൈദീക സെമിനാരിയോടു ചേർന്നു –6–ലക്ഷം രൂപാ ചെലവാക്കി ഒരു ലിററർജിക്കൽ സ്ററഡി സെന്റർ പണികഴിപ്പിക്കും. അതിലേക്ക് തെയോഫോറോസ് അച്ചൻ കൺവീനറായുള്ള സബ് കമ്മററി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു.

സ്കൂൾ, കോളജ്, ആത്മീകസംഘടനകൾ എന്നിവയിലെ കുട്ടികൾക്കായി പ്രസംഗമത്സരവും പ്രബന്ധമത്സരവും നടത്തി അഖില മലങ്കരാടിസ്ഥാനത്തിൽ വിജയിക്കുന്നവർക്ക്

# പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ സ്മരണിക

അവിസ്മരണീയ സംഭവങ്ങളുടെ ചിത്രങ്ങൾ — പ്രൗഢങ്ങളായ ലേഖനങ്ങൾ — ഭക്തജനങ്ങളുടെ അനുഭവ സാക്ഷ്യങ്ങൾ — ആസ്വാദകമായ കവിതകൾ — വിവിധ വർണ്ണ കവർ ചിത്രം.

ശെമ്മാശുപട്ടം മുതൽ മെത്രാൻപട്ടം വരെ വലിയ ബാവായിൽനിന്നും സ്വീകരിച്ച പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ, ദാനിയേൽ മാർ പീലക്സിനോസ്, നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ്, ദീർഘനാൾ സെമിനാരി മല്പാനും അരമന ചാപ്പൽ വികാരിയുമായി ബാവായോടൊത്തു താമസിച്ച യൂഹാനോൻ മാർ സേവേറിയോസ് എന്നീ മെത്രാപ്പോലീത്താമാരും ബാവായുമായി നേരിട്ടു സമ്പർക്കം പുലർത്തിയിരുന്ന ഫാ. കുറിയാക്കോസ് ഒ ഐ സി., വൈദിക ട്രസ്റ്റി ഫാ. മത്തായി നൂറനാൽ, ഫാ. ഗീവർഗീസ് അഞ്ചൽ, ഫാ. പി. എസ്. സാമുവേൽ (അമേരിക്ക) പുറകുളത്ത് ഇയ്യൂബ് കോറെപ്പിസ്കോപ്പ, ഫാ. റ്റി.എം. സഖറിയ (അമേരിക്ക) തേവർവേലിൽ അലക്സാണ്ടർ കോറെപ്പിസ്കോപ്പ, ഫാ. ഏ. എം. വർഗീസ്, ഫാ. ഡാനിയേൽ എൻ. വർഗീസ്, കുണ്ടറ സെമിനാരി മാനേജർ സിറിൽ റമ്പാൻ, സി. കെ. കൊച്ചുകോശി ഐ ഏ എസ്., അഡ്വ. പി. സി. മാത്യു കുന്നംകുളം, റ്റി. ജി. കോശി താഴേതിൽ, രാജൻ വർഗീസ് ബഹറിൻ, അഡ്വ. അച്ചൻ ജി. കോശി, റ്റി. വി. നൈനാൻ, തിരുമനസിലെ വൈദ്യൻ സി വി. തൈററസ്, പ്രൊഫ. കെ വി. ചാക്കോ, ജോൺ മാത്യു തുമ്പമൺ, കെ. സി ജോർജ് വെണ്ണിക്കുളം, പ്രൊഫ. സി. ജെ. മണ്ണൂർ, ജി. കോശി കുണ്ടറ, തിരുമേനിയെ അന്ത്യഘട്ടത്തിൽ ഏറെനാൾ ചികിത്സിച്ച ഡോ. പി. എം. പൗലൂസ് തുടങ്ങിയ അനേകരുടെ ലേഖനങ്ങളും അനുഭവ സാക്ഷ്യങ്ങളും കവിതകളും. ബാവായുടെ യഥാർത്ഥ ചിത്രം സ്മരണികയിലൂടെ വരച്ചുകാട്ടുന്നു.

കൂടാതെ ബാവാ തിരുമേനിയെ സന്ദർശിച്ചിട്ടുള്ള ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിററ് ജവഹർലാൽ നെഹറു, എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സലാസി, സൈപ്രസ് പ്രസിഡന്റ് ആർച്ച് ബിഷോപ്പ് മക്കാറിയോസ്, അർമ്മീനിയൻ കാതോലിക്കോസ് പവസ്കൻ, കേരള ഗവർണർ വി. വി. ഗിരി (പിന്നീട് ഇൻഡ്യൻ പ്രസിഡന്റ്) മന്നത്തു പത്മനാഭൻ തുടങ്ങിയ മഹാന്മാരുമായുള്ള കൂടിക്കാഴ്ചയുടെയും തിരുമേനി നടത്തിയിട്ടുള്ള വൈദിക ശുശ്രൂഷകളുടെയും ഫോട്ടോകളും തിരുമനസ്സിലെ അന്ത്യകല്പനയും ഉൾപ്പെടുത്തി വിവിധ വർണ്ണങ്ങളോടുകൂടി മനോഹരമായി തയ്യാറാക്കുന്ന മുഖചിത്രവും സ്മരണികയുടെ മാററു വർദ്ധിപ്പിക്കുന്നു.

മലങ്കര സഭയിലെ എല്ലാ ഭവനങ്ങളിലും സൂക്ഷിക്കേണ്ട ഈ അമൂല്യഗ്രന്ഥത്തിന് ഉടനെ പണം അടച്ച് ആവശ്യപ്പെടുക. വില 20 രൂപാ.

മാനേജർ, മലങ്കരസഭ, കോട്ടയം - 38

---

ജൂബിലി സ്മാരക സമ്മാനങ്ങൾ വിതരണം ചെയ്യും. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് ഈ ജെ. തോമസ് കോറെപ്പിസ്കോപ്പാ കൺവീനറായുള്ള സബ്കമ്മററി സമർപ്പിച്ചത് അംഗീകരിച്ചു.

കൂടാതെ സഭയിൽ അർഹരായവർക്ക് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ സ്മരണയ്ക്കായി The order of st Basil എന്ന കീർത്തിമുദ്ര നൽകും. 1990 ജനുവരിക്കു മുമ്പ് എല്ലാ ഭദ്രാസനങ്ങളിലും അതതു ഭദ്രാസനത്തിന്റേതായ ആഘോഷങ്ങൾ നടത്തപ്പെടുന്നതായിരിക്കും. ജൂബിലി സ്മാരകമായി ഒരു സ്മരണികയും പ്രസിദ്ധപ്പെടുത്തും. ജൂബിലിയുടെ സമാപനം 1990 ജനുവരിയിൽ ആഘോഷപൂർവം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഈ പരിപാടികളുടെയെല്ലാം പണസംബന്ധമായ കാര്യങ്ങൾക്ക് മാത്യൂസ് മാർ കൂറിലോസ് തിരുമേനി പ്രസിഡന്റായും സഭാ സെക്രട്ടറി പോൾ മത്തായി കൺവീനറായും ഒരു ഫിനാൻസ് കമ്മററിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മററിയുടെ റിപ്പോർട്ടും യോഗം അംഗീകരിച്ചു.

ജൂബിലി ആഘോഷപരിപാടികളുടെ കേന്ദ്ര ഓഫീസ് ദേവലോകം കാതോലിക്കേററ് അരമനയിൽ പ്രവർത്തനമാരംഭിച്ചു ഓഫീസ് കാര്യങ്ങൾ ഫാ. റ്റി. ജി സഖറിയായെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പെരുനാൾ

പതിവുപോലെ കാലംചെയ്ത പ. ഔഗേൻ പ്രഥമൻ ബാവായുടെയും പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെയും പെരുനാൾ സംയുക്തമായി 1989 ജനുവരി 2 3 തീയതികളിൽ ദേവലോകം അരമന ചാപ്പലിൽ കൊണ്ടാടുന്നതാണ്.

# സന്യാസ ജീവിതം (ii)

## മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

### 3) സന്യാസജീവിതം എങ്ങനെ സ്വീകരിക്കണം?

കർത്താവിനോടുള്ള സ്നേഹത്തിന്റെ പ്രതിഫലനമായി ഇത് സ്വീകരിക്കണം. മനുഷ്യരുടെ ഇടയിലുള്ള അംഗീകരണത്തിനുവേണ്ടിയോ മററുള്ളവരുടെ നിർബന്ധത്തിനു വിധേയമായോ അല്ല, സന്യാസ ജീവിതം സ്വീകരിക്കേണ്ടത്. ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. എല്ലാവർക്കും വേണ്ടി ഒരുവൻ മരിക്കെ, എല്ലാവരും മരിച്ചു. എന്നും, ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ലാ, തങ്ങൾക്കു വേണ്ടി മരിച്ചു ഉയിർത്തവനായിട്ടുതന്നേ ജീവിക്കേണ്ടതിന്, അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു' (2 കൊരി. 5: 14.15) 'യഹോവ എനിക്കു ചെയ്ത ഉപകാരങ്ങൾക്കും ഞാൻ അവന് എന്തു പകരം കൊടുക്കും'? (സങ്കീർ 1൬:12) ഇങ്ങനെയുള്ള സ്നേഹത്താൽ പ്രേരിതരായിവേണം സന്യാസജീവിതത്തിലേക്ക് വരുവാൻ.

രൂത്ത് നവോമിയെ അനുഗമിച്ചതുപോലെ കർത്താവിനോടുള്ള സ്നേഹത്തിൽ തന്നെ അനുഗമിക്കണം. 'നിന്നെ വിട്ടുപിരിവാനും, നിന്റെ കൂടെ വരാതെ മടങ്ങിപ്പോകുവാനും എന്നോടു പറയരുതേ. നീ പോകുന്നേടത്ത് ഞാനും പോരും നീ പാർക്കുന്നേടത്ത് ഞാനും പാർക്കും. നിന്റെ ജനം എന്റെ ജനം. നിന്റെ ദൈവം എന്റെ ദൈവം നീ മരിക്കുന്നേടത്ത് ഞാനും മരിച്ച് അടക്കപ്പെടും. മരണത്താലല്ലാതെ ഞാൻ നിന്നെ വിട്ടുപിരിഞ്ഞാൽ യഹോവ തക്കവണ്ണവും അധികവും എന്നോടു ചെയ്യട്ടെ' (രൂത്ത് 1:16,17). വി. പൗലോസിന്റെ വചനങ്ങളും ഒരു സന്യാസിക്ക് ഉണ്ടായിരിക്കേണ്ട സ്നേഹത്തിന്റെ ആഴം കാണിക്കുന്നു 'ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിക്കുന്നതാര്? കഷ്ടതയോ സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ വാളോ?.....നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇതിലൊക്കെയും പൂർണ്ണ ജയം പ്രാപിക്കുന്നു' (റോമ. 8:35,37)

ചുരുക്കിപറഞ്ഞാൽ യഥാർത്ഥമായ ആഗ്രഹത്തോടും സന്തോഷത്തോടും ഉത്സാഹത്തോടുമാണ് സന്യാസജീവിതം സ്വീകരിക്കേണ്ടത്.

### 4) യഥാർത്ഥ ഭക്തി ജീവിതത്തിൽ എങ്ങനെ മുന്നേറണം?

a) കർത്താവിനെയും പിതാക്കൻമാരെയും നാം സന്തോഷിപ്പിക്കണം.

നമ്മെ അളവററ് സ്നേഹിക്കുന്ന ത്രിയേക ദൈവവും, ദൈവദൂതന്മാരും, വാങ്ങിപ്പോയ പിതാക്കന്മാരും, നമ്മുടെ ജീവിതത്തിലെ മുന്നേററത്തിനായി ആഗ്രഹിക്കുകയും നോക്കിപ്പാർക്കുകയും ചെയ്യുന്നു. ഈ ദർശനത്തോടെ ജീവിക്കുവാൻ നമ്മുക്ക് സാധിക്കണം. 'ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയ സമൂഹം നമുക്കു ചുററും നിൽക്കുന്നതുകൊണ്ട്, സകല ഭാരവും മുറുകെ പററുന്നപാപവും വിട്ടു നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക.' എന്നും (എബ്രാ. 12:1) 'അങ്ങനെ മാനസാന്തരം കൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറെറാമ്പത് നീതിമാന്മാരെക്കുറിച്ചുള്ളതിനേക്കാൾ, മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി, സ്വർഗ്ഗത്തിൽ അധികം സന്തോഷമുണ്ടാകുമെന്ന് ഞാൻ നിങ്ങളോടുപറയുന്നു' (വി. ലൂക്കോ. 15:7) എന്നും നാം വായിക്കുന്നുണ്ടല്ലോ 'ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ, താൻ പ്രസവിച്ച കുഞ്ഞിനോടു കരുണ തോന്നാതിരിക്കുമോ? അവർ മറന്നാലും ഞാൻ നിന്നെ മറക്കില്ല' (യെശ. 49:15) എന്നു ദൈവസ്നേഹത്തെക്കുറിച്ച് പ്രവാചകൻ പറയുന്നു. കുഞ്ഞിന്റെ ഉയർച്ചയിൽ അമ്മയ്ക്ക് എത്രമാത്രം സന്തോഷമുണ്ടാകുകയും, കുഞ്ഞിന്റെ രോഗത്തിലും താഴ്ചയിലും അമ്മയ്ക്ക് എത്രമാത്രം സങ്കടം ഉണ്ടാകുകയും ചെയ്യുമോ അതുപോലെ നമ്മുടെ ഉയർച്ചയിലും താഴ്ചയിലും കർത്താവ് പങ്കുചേരുന്നുണ്ട് എന്ന ദർശനം സന്യാസജീവിതക്കാർക്കും കുടുംബജീവിതക്കാർക്കും ഉണ്ടായിരിക്കണം.

നായിരിക്കയാണ് ലൈംഗിക ചിന്തകളെ അകററുന്നതിനുള്ള മാർഗ്ഗം. ആവശ്യമില്ലാത്ത ഓർമ്മകളോ ചിന്തകളോ വരുമ്പോൾ തന്നെ ശ്രദ്ധ മററു കാര്യങ്ങളിലേക്ക് തിരിക്കണം. എത്രയും നേരത്തെ ശ്രദ്ധ തിരിക്കുന്നുവോ അത്രയും അത് ക്ലേശരഹിതമായിരിക്കും.

b) ദാരിദ്ര്യം

കർത്താവിനോടുള്ള സ്നേഹത്തെപ്രതി ദാരിദ്ര്യം സ്വീകരിച്ചാലേ അത് നിലനിൽക്കുകയുള്ളു. 'സമ്പത്തിൽ ആശ്രയിക്കുന്നവർ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം' (വി. മർക്കോ 10:24) എന്ന് കർത്താവു പറയുന്നു. ദൈവത്തിൽ ആശ്രയംവച്ച് കൂടുതലായി ദാനം ചെയ്യുന്ന മനോഭാവം സന്യാസസമൂഹങ്ങളും വളർത്തണം. ധനത്തോടുള്ള മമത കുറയ്ക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങളെക്കുറിച്ച് സന്യാസസമൂഹങ്ങൾ ചിന്തിച്ച് നടപ്പിലാക്കേണ്ടതാണ്.

ഏററവും കൂടുതൽ ജോലി ചെയ്യുകയും ഏററവും കുറച്ച് സ്വന്ത ആവശ്യങ്ങൾക്ക് ചെലവഴിക്കയും ഏററവും കൂടുതൽ ദാനം ചെയ്യുകയും ചെയ്യുന്നവനാണ് യഥാർത്ഥ സന്യാസി.

c) അനുസരണം

കർത്താവിനോടുള്ള സ്നേഹത്തിൽ നിറയുമ്പോഴാണ് അനുസരിക്കുവാൻ സാധിക്കുന്നത്. 'എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും' (വി. യോഹ. 14:23) എന്ന് കർത്താവ് പറയുന്നു. ദൈവത്തോടുള്ള സ്നേഹവും സമൂഹത്തോടുള്ള സ്നേഹവും, നമ്മോടു അനുസരിക്കുവാൻ ആവശ്യപ്പെടുന്നവരോടുള്ള സ്നേഹവുമാണ് അനുസരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. കർത്താവു കുരിശിലെ മരണത്തോളം അനുസരണമുള്ളവനായതും (ഫിലി. 2:8) അനുസരണത്തിൽ സന്തോഷം കണ്ടെത്തിയതും നമുക്കുത്തമമാതൃകയാണ്. 'എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നത് എന്റെ ആഹാരം' (വി. യോഹ. 4:34) എന്ന് കർത്താവ് പറഞ്ഞുവല്ലോ.

അനുസരിപ്പിക്കുന്നത് കഴിയുന്നതും നിയമത്തിന്റെ പേരിലാകാതെ, സ്നേഹത്തിന്റെ പേരിലാക്കാൻ ശ്രമിക്കേണ്ടതാണ്. ആവശ്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തി അനുസരിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

സർവലോകവും നേടുന്നത് ഒരു നേട്ടമല്ലെന്നും സൽഗുണപൂർണ്ണനായിത്തീരുന്നതാണ് ഇഹത്തിലും പരത്തിലും ശാശ്വതമായ നേട്ടമെന്നും മനസ്സിലാക്കി, സന്യാസജീവിതത്തിലേക്ക് അനേകർ വരേണ്ടിയിരിക്കുന്നു: വിദ്യാഭ്യാസരംഗത്തും, ആതുരശുശ്രൂഷാരംഗത്തും, സുവിശേഷവേലയിലും യഥാർത്ഥ സന്യാസിമാരുടെ വിലപ്പെട്ട സേവനം എന്നും ലോകത്തിനുവേണ്ടിയിരിക്കുന്നു. 'ഞാൻ ആരെ അയയ്ക്കേണ്ടു ആര് നമുക്കുവേണ്ടി പോകും' എന്ന് കർത്താവ് തന്റെ മക്കളോട് ചോദിക്കുന്നു' അടിയൻ ഇതാ അടിയനെ അയയ്ക്കണമെ' എന്ന് പറഞ്ഞ് സ്വയം സമർപ്പിക്കുന്ന യഥാർത്ഥ സന്യാസിമാരെ നമുക്കുവേണ്ടിയിരിക്കുന്നു. (യെശ. 6:1–8) കർത്താവിന്റെ സന്തോഷത്തെപ്രതിയും മനുഷ്യരുടെ നന്മയെപ്രതിയും, കർത്താവിനോടും മനുഷ്യരോടുമുള്ള സ്നേഹത്താൽ പ്രേരിതരായും തന്റെ വിളി എന്തെന്ന് കേട്ടു ഗ്രഹിക്കാം.

നോട്ട്:—നമ്മുടെ സഭയിലെ സന്യാസസന്യാസിനീ സമൂഹങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചും, അവയിൽ പ്രവേശിക്കുന്നതിന് ആവശ്യമായ യോഗ്യതകളെക്കുറിച്ചും അറിയണമെന്നാഗ്രഹിക്കുന്നവർ, വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ ഡയറി നോക്കിയാൽ മേൽവിലാസങ്ങൾ ലഭിക്കും

—:—

MAR BASELIOS CHILDREN'S HOME
Mannapra (P.O.)
Palghat District, Kerala State

കാലംചെയ്ത പ. ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമൻ ബാവാ തിരുമനസ്സിലെ നാമധേയത്തിൽ 1959–ൽ സ്ഥാപിതമായതും ജാതിമതഭേദമെന്യേ അനാഥരായ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു പ്രത്യേക ഭവനങ്ങളിൽ പാർപ്പിച്ചും, അവശ്യം വേണ്ട വിദ്യാഭ്യാസം കൊടുത്തും സംരക്ഷിച്ചുവരുന്നതുമായ ഓർത്തഡോക്സ് സഭയുടെ ഈ സ്ഥാപനത്തെ സംഭാവനയാലും പ്രാർത്ഥനകൾമൂലവും സഹായിക്കണമെന്നപേക്ഷിക്കുന്നു.

C. T. George
Managing Director.



# ബസ്ക്യാമ്മമാരും കുടുംബജീവിതവും (i)

ആനി ജോർജ്ജ് പനയ്ക്കാമററം, നിരണം

[10–9–88–ൽ പുളിക്കീഴ് സെൻറ് മേരീസ് പള്ളിയിൽ അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ നിരണം ഭദ്രാസനത്തിലെ ബസ്ക്യാമ്മമാരുടെ സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധം]

സാധാരണക്കാരിയായ ഒരു പെൺകുട്ടി ഒരു പട്ടക്കാരന്റെ ഭാര്യ ആകുന്നതോടുകൂടി മററുള്ളവരാൽ കൊച്ചമ്മ എന്നോ അമ്മായി എന്നോ ഉള്ള ബഹുമാനസൂചകമായ വിളിക്ക് അർഹയായിത്തീരുന്നു എന്നു മാത്രമല്ല കടന്നുചെല്ലുന്നിടത്തൊക്കെയും സ്നേഹബഹുമാനാദരങ്ങൾക്ക് പാത്രമായും തീരുന്നു. പ്രശംസ ആഗ്രഹിക്കുന്നില്ലെങ്കിലും ഒരു വ്യക്തിയെ ഇവ നിശ്ചയമായും സന്തോഷിപ്പിക്കാതിരിക്കില്ല. എന്നാൽ ഭാഗിനെന്റെ പദവിനാൽ എത്രമാത്രം ഉത്തരവാദിത്വമേറിയ ജീവിതചര്യകൾ സ്വന്തം വ്യക്തിത്വത്തിൽ ചിട്ടപ്പെടുത്തി ക്രമീകരിക്കേണ്ടതുണ്ട് എന്നുള്ളതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ മാത്രമേ ആ ബഹുമാന്യ പദവി എത്ര ഭാരമേറിയതും ദൈവമുമ്പാകെയും സമൂഹത്തിന്റെയും സഭയുടെയും പ്രസ്ഥാനങ്ങളുടെ മുമ്പാകെയും എത്രമാത്രം കടപ്പാടുള്ളതുമാകുന്നു എന്ന സത്യം ബോദ്ധ്യമാകൂ. ആ നിലയിൽ പട്ടക്കാരുടെ ഭാര്യമാരുടെ വ്യക്തിജീവിതവും കുടുംബജീവിതവും വളരെ കരുതലോടെ നയിക്കപ്പെടേണ്ടതാകുന്നു. താഴെപ്പറയുന്ന ഗുണഗണങ്ങൾ അവൾ ഉടമയാകുന്നുവെങ്കിൽ ബസ്ക്യാമ്മ ഒരു കുടുംബിനി എന്ന നിലയിൽ ധന്യയായി.

## 1. ബാല്യം മുതലേയുള്ള നല്ല ക്രിസ്തീയസാക്ഷ്യം ലഭിച്ചവൾ

പുതിയനിയമത്തിൽ ഉത്തമ മാതൃകയുള്ള ഒരു പുരോഹിത കുടുംബത്തെ വി. ലൂക്കോസ് ചിത്രീകരിക്കുന്നു. സഖറിയായും ഏലിശുബായും. ലൂക്കോ 1:6 'ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകല കല്പനകളിലും ന്യായങ്ങളിലും കുററമില്ലാത്തവരായി നടക്കുന്നവരും ആയിരുന്നു.' ഈ നീതിയും കുററമററതുമായ ജീവിതം പട്ടക്കാരനോടൊപ്പം സ്വഭാര്യയും കാഴ്ചവെയ്ക്കാൻ കടപ്പെട്ടവളാണ്. കതിരിൽ വളംവെച്ച് ഒരു ചെടി നല്ല ഫലം കായ്ക്കുക അസാദ്ധ്യമെങ്കിൽ ജീവിതവും ബാല്യംമുതൽതന്നെ കെട്ടിപ്പടുക്കേണ്ടതുണ്ട്. എല്ലാ ബസ്ക്യാമ്മമാരും പട്ടക്കാരും പുരോഹിത കുടുംബത്തിൽപ്പെട്ടവരാകുക പ്രായോഗികമല്ലെങ്കിലും നല്ല ക്രിസ്തീയസാക്ഷ്യമുള്ള മാതാപിതാക്കൾക്ക് മാതൃകയായി വളർന്ന കുഞ്ഞുങ്ങൾ, ദൈവമുമ്പാകെയും മററുള്ളവരുടെ മുമ്പാകെയും നല്ല സാക്ഷ്യം ലഭിച്ചവർ ഈ സ്ഥാനങ്ങളിലേക്ക് വരേണ്ടത് ഏററം അത്യന്താപേക്ഷിതമാണ്. ബാല്യം മുതലേ അനുസരണത്തിലും ആത്മനിയന്ത്രണത്തിലും ചിട്ടയിലും വളർന്നുവരുന്ന പെൺകുട്ടി ഒരു പട്ടക്കാരന്റെ ഭാര്യയായി വരുന്നപക്ഷം വിളിക്കപ്പെട്ട വിളിക്ക് യോഗ്യമായ പ്രകാരം പട്ടക്കാരനോടൊപ്പം മാതൃകയായി ജീവിപ്പാൻ ബുദ്ധിമുട്ട് ഒട്ടും ഉണ്ടാവുകയില്ല.

## 2. പട്ടക്കാരന്റെ ഭാര്യ – ഒരു ഉടമ്പടിക്കാരി

ബസ്ക്യാമ്മ, സാധാരണപോലെയുള്ള ഒരു വിവാഹം കഴിച്ചു എന്നതല്ലാതെ അവളൊരു പട്ടക്കാരനുമായി പ്രത്യേകം ഉടമ്പടി ചെയ്തിട്ടില്ല എന്ന തെററായ ധാരണ പലപ്പോഴും ആപത്തു വരുത്തിവയ്ക്കും. ശിശുപ്രായത്തിൽ മാമോദീസായിൽകൂടി പിശാചിനെ ഉപേക്ഷിച്ച് കർത്താവിനെ സ്വീകരിച്ച ക്രിസ്തീയ പെൺകുട്ടി തന്നറിയാതെയിരുന്ന സമയം മാമോദീസാ സ്വീകരിച്ചു എന്നതിൽ ദൈവവുമായുള്ള ഉടമ്പടിയിൽനിന്ന് ഒഴിയുന്നില്ല. തലതൊടുന്നവർ തങ്ങളുടെ ഉത്തരവാദിത്വം വേണ്ടപോലെ നിറവേററുന്നില്ലായെങ്കിലും അവർ ഏററ ഉടമ്പടിയും അവരിൽ ഇല്ലാതാകുന്നില്ല. വിവാഹം നടക്കുന്നതിനു മുമ്പായി പട്ടക്കാരന്റെ ഭാര്യയായിത്തീരുന്നവൾക്ക് അവൾ സ്വീകരിക്കുന്ന പ്രത്യേക ജീവിതത്തിന്റെ ഉടമ്പടിയെക്കുറിച്ച് മററാരും അവളെ ബോദ്ധ്യപ്പെടുത്തുന്നില്ല. അഥവാ വിവാഹസമയം പ്രത്യേക പ്രതിജ്ഞ എടുക്കുന്നില്ല എന്നതുകൊണ്ടു മാത്രം

# അനുതാപ ഗീതങ്ങൾ

## മാർ സേവേറിയോസ് മെത്രാപ്പോലീത്താ & സി. പി. ചാണ്ടി

(അഗ്നിമയൻമാരരേ.......എന്ന രീതി)

തിരമാലകളിൽ ശീമോൻ പത്രോസിനെയെന്നോണം
കനിവോടെന്നെയുമെൻ കർത്താവേ വീണ്ടീടണമെ
കള്ളനോടെന്നതുപോലെൻ നാഥാ കനിവുണ്ടായി
നഷ്ടപ്പെട്ടോനാമെന്നെയുമിന്നോർത്തീടണമെ
കാണാതായോരാടിനെയെന്നവിധം നിഖിലേശാ
എന്നെയുമൻപോടാരായണമെ കണ്ടെത്തണമെ
നിൻ തോളിന്മേലെന്നെയേന്തിതാതൻ തന്റെ
സന്നിധിയതിലേക്കേറ്റീടണമെ കനിവിൻ കടലേ
നിൻപ്രഭ കാണ്മാനാക്കുരുടന്റേതെന്നതുപോലെ
എന്നുടെ കൺകൾ തുറന്നീടണമെ തേജോമയനേ
ആ ചെകിടന്റേതെന്നതു പോൽ നിൻ ശബ്ദം കേൾപ്പാൻ
എന്നുടെ ചെവികൾ തുറന്നീടണമെ സകലാധിപനേ
വാതാർത്തനെയെന്നോണം നിന്നെ സ്തോത്രം ചെയ്‌വാൻ
ഈയുള്ളോനും നൽകീടണമെ രോഗവിമുക്തി
കുഷ്ഠാർത്തനെയെന്നോണം നാഥാ നിൻസോപ്പായാൽ
മലിനത നീക്കി എനിക്കേകണമെ ഗാത്രവിശുദ്ധി
യായിറോസിൻ നന്ദിനിയാകും ബാലികയെപ്പോൽ
എൻ കർത്താവേ എന്നെയും ജീവിപ്പിക്കണമെ
സഹജന്മാരേ വലിയ കടത്താൽ നിന്ദിതനായേൻ
കരുണക്കടലേ! എന്റെ കടം നീ വീട്ടീടണമെ
നീതിപരന്മാർക്കിടയിൽ തുണ ഞാൻ നേടീടായ്‌വാൻ
എന്നെയെൻ പിഴ തടയുന്നതിനാലയ്യോ കഷ്ടം
ആ യൂദാതൻ സാമ്യത്തിൽ ഞാൻ ചെയ്തോരധർമ്മം
നിൻപക്കൽ നിന്നെന്നെയകറ്റുകയാൽ ഞാൻ നിന്ദ്യൻ
എൻ കടമോർത്താൽ നിന്നെ നോക്കാൻ കഴിവില്ലയ്യോ
പാഴ്പണിചെയ്തൊരു കൂലിക്കാരൻ ഞാനതിനിന്ദ്യൻ
അദ്ധ്വാനത്താലെന്മെയ്യവശതയാണെന്നാലും
വേലകളെല്ലാം വെറുതെയായതിനാൽ ഞാൻ നിന്ദ്യൻ
താതനെനഷ്ടപ്പെട്ടോനാം ഞാനെന്തിഹ ചെയ്‌വൂ
പോയോരാടിനെയെന്നോണം നീ തിരയണമെന്നെ
സമ്പത്തെല്ലാം അയ്യോ കഷ്ടം ധാരാളിച്ചേൻ
സ്വാതന്ത്ര്യത്താൽ വെറുതെ തന്നെ നഷ്ടപ്പെട്ടേൻ
എൻ നടപടിയാൽ ദുഷ്ടജനത്തിൻ സ്നേഹിതനായേൻ
എന്നെയധാർമ്മികനെന്നെണ്ണുകയാലയ്യോ കഷ്ടം
മാലാഖകളുടെ സംസർഗ്ഗം വിട്ടയ്യോ രക്ത
ക്കൊതിയന്മാരാം ചെന്നായ്ക്കൾ തൻ നടുവിൽ പാർത്തേൻ
ദൈവതനൂജൻ വത്സലമക്കൾക്കായ് വാഗ്ദാനം
ചെയ്തൊരു ഭാഗ്യം കൈവിട്ടോൻ ഞാൻ ഹതഭാഗ്യൻ താൻ
ദുർവഹഗന്ധം പിടിപെട്ടോൻ ഞാൻ കണ്ടാലുമിതാ
വൈരുദ്ധ്യങ്ങൾക്കിടയിലലക്ഷ്യം തിണ്ടാടുന്നു.
മാമകമാത്മം ദൈവമണവാളനു വധുവായ് വാഴ്കെ
വ്യാജത്തിൻ വഴിതേടിയൊരീ ഞാനയ്യോ ദോഷി
അവിടെയെൻ പേർക്കായ് കരുതിയിരുപ്പുണ്ടതി ഭീകരമാം
നരകക്കുഴിയിൽ വൻനിലവിളിയും പല്ലിൻ കടിയും
ശപഥങ്ങളെ ഞാൻ തള്ളുകയാലിന്നയ്യോ കഷ്ടം
കേണീടുന്നേൻ മേന്മേൽ ദുരിതമെനിയ്ക്കായ് സജ്ജം.
നിർമ്മലവേഷം കൈക്കൊണ്ടോൻ ഞാൻ സാത്താൻ സഹിതം
രാവും പകലും പണിചെയ്തതിനാലയ്യോ കഷ്ടം



# ഓർത്തഡോക്സ് വൈദിക സെമിനാരി ശുഭപ്രതീക്ഷകളോടെ 175–ാം വയസ്സിലേക്ക്

**ഫാ. ഫിലിപ്പ് മാത്യു**

മലങ്കര ഓർത്തഡോക്സ് സഭയുടെ സിരാകേന്ദ്രം എന്നറിയപ്പെടുന്ന ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി 175–ാം വയസ്സിലേക്ക് പ്രവേശിക്കുന്നു. മലങ്കരസഭയുടെ ചരിത്രത്തിൽ സജീവപങ്കാളിത്തം വഹിച്ച സെമിനാരി ജൂബിലിയോടനുബന്ധിച്ച് പല നൂതന കർമ്മ പരിപാടികളും ആവിഷ്ക്കരിച്ചിരിക്കയാണ്. ഭാവിയെപ്പററി ചിന്തിക്കുന്നതിനുമുമ്പ് മലങ്കര സഭയുടെ ചരിത്രത്തിനു തന്നെ വഴിത്തിരിവായിത്തീർന്ന സെമിനാരിയുടെ ചരിത്രത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കുന്നത് എന്തുകൊണ്ടും ഉചിതമാണ്.

## സെമിനാരി സ്ഥാപനം

ആദിമകാലങ്ങളിൽ ഗുരുകുല സമ്പ്രദായമനുസരിച്ചുള്ള മല്പാൻ പ്രസ്ഥാനങ്ങളിലൂടെയാണ് വൈദികർക്ക് ശിക്ഷണം നൽകിയിരുന്നത്. പോർട്ടുഗീസുകാരുടെ ആഗമനത്തോടുകൂടി ഫ്രാൻസിസ്ക്കൻ സന്യാസികളുടെ നേതൃത്വത്തിൽ പാശ്ചാത്യൻ രീതിയിലുള്ള 'സെമിനാരികൾ' സ്ഥാപിക്കപ്പെട്ടുവെങ്കിലും മലങ്കരസഭാമക്കളുടെയിടയിൽ അതിനു വലിയ സ്ഥാനം ലഭിച്ചില്ല. എന്നാൽ മല്പാൻ പ്രസ്ഥാനങ്ങളിലൂടെ നമ്മുടെ വൈദികർക്ക് ലഭിച്ചിരുന്ന ശിക്ഷണത്തിന്റെ അപര്യാപ്തത സഭാനേതൃത്വത്തിനു ശരിക്കും ബോധ്യമുണ്ടായിരുന്നു.

എഴാം മാർത്തോമ്മായുടെ 40–ാം അടിയന്തിരം അദ്ദേഹം മരണമടഞ്ഞ കണ്ടനാട്ടുപള്ളിയിൽവച്ച് എ. ഡി. 1810 (985 ചിങ്ങം 1–ാം നു) ൽ നടത്തിയപ്പോൾ എട്ടാം മാർത്തോമ്മായുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയുണ്ടായി. ആ യോഗത്തിൽവച്ച് 'വൈദിക സ്ഥാനാർത്ഥികളെ സുറിയാനിയും മററും പഠിപ്പിക്കുന്നതിനും അഭ്യസനം നൽകുന്നതിനും, തെക്കും വടക്കും ഓരോ പഠിത്ത വീടുകൾ ഉണ്ടാക്കണമെന്നും, സമർത്ഥരായ വൈദികരെ അവിടെ മൽപ്പാന്മാരായി നിയമിക്കണമെന്നും, മല്പാന്മാരുടേയും വിദ്യാർത്ഥികളുടേയും ചെലവ് പള്ളികളിൽ നിന്ന് വരിപ്പണം പിരിച്ച് നടത്തണമെന്നുമുള്ള അതിപ്രധാനമായ ഒരു നിശ്ചയം ചെയ്യുകയുണ്ടായി. (ഇസഡ്. എം. പാറേട്ട്: മലങ്കര നസ്രാണികൾ. വാല്യം. 3 പേജ് 91) ഈ നിശ്ചയത്തിനു പിറകിൽ പ്രവർത്തിച്ച പ്രധാന വ്യക്തി ധിഷണശാലിയും, ദൈവഭക്തനും, എല്ലാററിലുമുപരി തികഞ്ഞ സമാസ്നേഹിയുമായിരുന്ന കുന്നംകുളം സ്വദേശി പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാനായിരുന്നു. ഇട്ടൂപ്പ് റമ്പാൻ ഇക്കാര്യം ബ്രിട്ടീഷ് പ്രസിഡൻറായിരുന്ന കേണൽ മൺറോയുമായി ആലോചിച്ച് നടപ്പാക്കുവാൻ ശ്രമിച്ചു. കേണൽ മൺറോ വൈദിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന ഈ തീരുമാനത്തിൽ അതിവസന്തുഷ്ടനായിരുന്നു.

സെമിനാരിയുടെ സ്ഥാപനത്തിനായി വട്ടിപ്പണത്തിന്റെ രണ്ടാമത്തെ പലിശ എട്ടാം മാർത്തോ

---

ആരെനൻ താലന്തയ്യോ കഷ്ടം മണ്ണിൽ പൂഴ്ത്തി
അതിനിലാർന്നേൻ വൻ നിലവിളിയും പല്ലിൻ കടിയും
വ്യാപാരക്കഥ ചോദിക്കുമ്പോൾ ഞാൻ വിഷമിക്കും
സമ്പാദിച്ചേനയ്യോ കഷ്ടം ദുരിതം മാത്രം
ദീപ്തീസുതന്മാർ സ്രാപ്പന്മാരും പ്രാപിക്കാത്ത
പരമോന്നതപദമാർജ്ജിച്ചെങ്കിലുമീ ഞാൻ നിന്ദ്യൻ
സ്വർഗ്ഗനികേതന ഭൂതാധിപരുടെ സന്നിധിതന്നിൽ
ലജ്ജിതനായ് ഞാൻ നിലകൊള്ളുമ്പോളയ്യോ കഷ്ടം
ഗർജ്ജിച്ചുടയോൻ തന്റേതെന്നോടു ചോദിക്കുമ്പോൾ
എൻ സോദരരേ തുണയറ്റോനായ് ഞാൻ വിഷമിക്കും
കീപ്പായപോൽ പരമാഹിത്യം പ്രാപിച്ചേൻ ഞാൻ
അന്യായത്തിൻ കിങ്കരനായേനയ്യോ കഷ്ടം

—•—

ങ്ങാ വാങ്ങിയതൊഴിച്ച് നാലാണ്ടത്തെ പലിശയായ 3360 രൂപാ കേണൽ മൺറോ ഇട്ടൂപ്പ് റമ്പാനെ ഏൽപിച്ചു. ഇതു കൂടാതെ ഇട്ടൂപ്പ് റമ്പാൻ പല സ്ഥലങ്ങളിലും നടന്ന് ഒരു തുക പിരിച്ചെടുക്കുകയുമുണ്ടായി. തിരുവല്ലായിൽ പാലിയേക്കര പള്ളി നശിപ്പിച്ചതിന് നടന്ന കേസിൽ ഹിന്ദുക്കൾ നഷ്ടപരിഹാരമായി നൽകേണ്ടിയിരുന്ന തുകയുടെ പകുതിയും സെമിനാരി സ്ഥാപിക്കുന്ന ചിലവിലേക്ക് നൽകി. (ഇ. എം. പീലിപ്പോസ്: മാർത്തോമ്മാ ശ്ളീഹായുടെ ഇൻഡ്യൻ സഭ് പേജ് 192) സെമിനാരി പണിയിക്കുന്നതിന് വടക്ക് അ ങ ക മ ാ ല ി യും തെക്ക് നിരണവും സ്ഥലങ്ങളായി നിർദ്ദേശിക്കപ്പെട്ടുവെങ്കിലും രണ്ടിനും മധ്യേയുള്ള കോട്ടയമാണ് അവസാനമായി തിരഞ്ഞെടുത്തത്. കോട്ടയം പ്രവർത്തിയിൽ, ഗോവിന്ദപുരം കരയിൽ, മീനച്ചിലാറിന്റെ തീരത്ത് മൂന്നു വശവും വെള്ളത്താൽ ചുറ്റപ്പെട്ട് കാടുപിടിച്ചുകിടന്ന സ്ഥലത്ത് 1813 ഫെബ്രുവരിയിൽ സെമിനാരിയുടെ പണി ആരംഭിച്ചു. 1815-ൽ പണികൾ തീർത്ത് ഇട്ടൂപ്പ് റമ്പാന്റെ നേതൃത്വത്തിൽ തന്നെ അവിടെ അദ്ധ്യാപനം ആരംഭിച്ചു.

കേണൽ മൺറോ വട്ടിപ്പണത്തിന്റെ പലിശ ഒരു റമ്പാനെ ഏൽപ്പിച്ചത് ചില പ്രശ്നങ്ങളുണ്ടാക്കി. നിയമപരമായി വട്ടിപ്പണത്തിന്റെ പലിശ സ്വീകരിപ്പാനുള്ള അവകാശം മലങ്കര മെത്രാപ്പോലീത്തായ്ക്കു മാത്രമായിരുന്നു. ആയതിനാൽ ഇട്ടൂപ്പ് റമ്പാൻ 1815 മാർച്ച് 22-ാം നു തൊഴിയൂർ സഭയുടെ കിടങ്ങൻ മാർ പീലക്സിനോസിൽ നിന്നും ദിവന്നാസ്യോസ് രണ്ടാമൻ എന്ന പേരിൽ മെത്രാൻ സ്ഥാനം സ്വീകരിച്ചു. സെമിനാരിയുടെ ഭരണവും ഇടവക ചുമതലയും ഒരുമിച്ചു നടത്തിയ മെത്രാപ്പോലീത്താ അധികകാലം കഴിയുന്നതിനുമുമ്പ് 1816 നവംബർ 25-ാം നു കാലം ചെയ്തു.

## സെമിനാരിയും ഇംഗ്ളീഷ് മിഷനറിമാരും

കേണൽ മൺറോയുടെ സൗമനസ്യം സെമിനാരി സ്ഥാപനത്തിനു വളരെ സഹായിച്ചുവെങ്കിലും തദ്വാരാ ഇംഗ്ളീഷ് മിഷനറിമാർ സെമിനാരിയുമായി ബന്ധപ്പെട്ടു തുടങ്ങിയത് ചില കുഴപ്പങ്ങൾക്ക് വഴിതെളിച്ചു. സെമിനാരി സ്ഥാപകനായിരുന്ന മാർ ദിവന്നാസ്യോസ് ദ്വിതീയന്റെ ആഗ്രഹം പൂർവ്വീക പാരമ്പര്യമനുസരിച്ചുള്ള ഒരു വൈദീക വിദ്യാഭ്യാസ പദ്ധതിയായിരുന്നു. എന്നാൽ ആംഗ്ളേയ മിഷനറിമാരുടെ ആഗമനത്തോടെ 1817-ൽ ഇംഗ്ളീഷ് വിദ്യാഭ്യാസം ആരംഭിച്ചു. മാർ ദിവന്നാസ്യോസ് ദ്വിതീയന്റെ കാലത്ത് മിഷനറിമാരുമായുള്ള ബന്ധം സൗഹാർദ്ദപരമായിരുന്നു. സെമിനാരിയിൽ ഇക്കാലത്ത് സുറിയാനി, എബ്രായ, ഇംഗ്ളീഷ്, സംസ്കൃതം, ലത്തീൻ എന്നീ ഭാഷകളും വേദപുസ്തക സംബന്ധമായ കാര്യങ്ങളും പഠിപ്പിച്ചിരുന്നു. ഒരു ലൈബ്രറിയും അക്കാലത്ത് ആരംഭിക്കുകയുണ്ടായി. സെമിനാരിയുടെ നടത്തിപ്പിനായി തിരുവിതാംകൂർ മഹാറാണി ഇരുപത്തോരായിരം രൂപയും മൺറോ തുരുത്തും ദാനം ചെയ്തതും ഇക്കാലത്തായിരുന്നു.

1825-ൽ പുന്നത്ര മാർ ദിവന്നാസ്യോസ് കാലം ചെയ്തപ്പോൾ ചേപ്പാട് മാർ ദിവന്നാസ്യോസ് മെത്രാൻ സ്ഥാനമേററു. ഇദ്ദേഹത്തിന്റെ കാലത്ത് മിഷനറിമാരുമായുള്ള ബന്ധം ശിഥിലമായി. മിഷനറിമാരുമായുള്ള സമ്പർക്കത്തിൽ മലങ്കരസഭയെ നവീകരിക്കുവാനുള്ള ശ്രമം സെമിനാരിയിൽ നിന്നു തന്നെ ആരംഭിച്ചു. 1836-ൽ മാവേലിക്കരയിൽ കൂടിയ സുന്നഹദോസിൽ വച്ച് മിഷനറിമാരുമായുള്ള ബന്ധത്തിന് അറുതി വരുത്തുകയും സെമിനാരിയിൽ മലങ്കര സഭാ മക്കളെ അയയ്ക്കരുതെന്നുള്ള കല്പന എല്ലാ പള്ളികളിലും വായിക്കുകയും ചെയ്തു. മലങ്കരയിലെ വൈദികരെ അഭ്യസിപ്പിക്കുന്നതിനായി പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ 1872-ൽ പരുമലയിൽ ഒരു സെമിനാരി ആരംഭിച്ചു.

എന്നാൽ കോട്ടയം സെമിനാരിയെ സംബന്ധിച്ചുള്ള കേസ് 1886-ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസിനനുകൂലമായി വിധിക്കുകയും 1887 തുലാം ഒന്നുമുതൽ വീണ്ടും പഠനം ആരംഭിയ്ക്കുകയും ചെയ്തു. ഇക്കാലത്ത് സെമിനാരിയിൽ അദ്ധ്യാപകരായി നിയമിക്കപ്പെട്ട രണ്ടു മല്പാന്മാരാണ് വട്ടശ്ശേരിൽ വി. ജെ. ഗീവറുഗീസ് മല്പാനും കോനാട്ട് മാത്തൻ മല്പാനും. സെമിനാരിയുടെ പുരോഗതിയുടെ ഒരു കാലഘട്ടമായിരുന്നു അത്. നമ്മുടെ കുർബാനക്രമം മലയാളത്തിലേക്കു തർജ്ജമ ചെയ്യപ്പെട്ടതും ഇക്കാലത്താണ്.

## വൈദിക വിദ്യാഭ്യാസം എം. ഡി. സെമിനാരിയിൽ

ഇരുപതാം നൂററാണ്ടിന്റെ ആരംഭകാലം സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ കാലമാണല്ലോ. അബ്ദുള്ളാ പാത്രിയർക്കീസിന്റെ മലങ്കര സന്ദർശനവും തത്സംബന്ധമായുള്ള ചേരിതിരിവും സെമിനാരി വിദ്യാഭ്യാസത്തെ തടസ്സപ്പെടുത്തി. എന്നാൽ 1931-ൽ കൂടിയ അസോസിയേഷൻ യോഗത്തിന്റെ തീരുമാനപ്രകാരം വൈദിക വിദ്യാഭ്യാസം കോട്ടയം എം. ഡി. സെമിനാരിയിൽ ആരംഭിച്ചു. 1933 മുതൽ 1937 വരെ അവിടെ ചെറിയമഠത്തിൽ സി. ജെ. സ്കറിയ മല്പാൻ, ഫാ. കെ. ഡേവിഡ് എന്നിവരുടെ നേതൃത്വത്തിൽ നാലുവർഷത്തെ കോഴ്സായി വൈദികർക്കു ശിക്ഷണം നൽകി. ബി. ഡി. ബിരുദം കരസ്ഥമാക്കി ആധുനിക ദൈവശാസ്ത്രം പഠിച്ച അദ്ധ്യാപകർ സെമിനാരിയിൽ പഠിപ്പിച്ചു തുടങ്ങിയത് ഇക്കാലത്താണ്. 1937-ൽ വീണ്ടും പഴയ സെമിനാരിയിൽ പഠനമാരംഭിച്ചെങ്കിലും രണ്ടു വർഷത്തിനുശേഷം സെമിനാരി പ്രവർത്തനം മുടങ്ങി. 1942-ൽ എം. ഡി. യിൽ വീണ്ടും വൈദിക പഠനം ആരംഭിച്ചു. ഇക്കാലത്ത് ഫാ. കെ. ഡേവിഡ് സെമിനാരിയുടെ പ്രിൻസിപ്പലായി. കൽക്കട്ടാ ബിഷപ്സ് കോളജിൽ നിന്ന് പഠനം പൂർത്തിയാക്കിയ വട്ടക്കുന്നേൽ വി. കെ. മാത്യൂവും (ഇപ്പോഴത്തെ പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട്) ഇംഗ്ളണ്ടിൽ വൈദിക പഠനം പൂർത്തിയാക്കിയ കല്ലുപുരയ്ക്കൽ ഡീക്കൻ കെ. ഫിലിപ്പോസും (ഇപ്പോഴ ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ) സഹാധ്യാപകരായി നിയമിക്കപ്പെട്ടു.

1943-ൽ ചെറിയമഠത്തിൽ സ്കറിയാ മല്പാൻ പ്രിൻസിപ്പലായി സ്ഥാനമേററു. സമുദായക്കേസ് സെമിനാരി വിദ്യാഭ്യാസത്തെ പലപ്പോഴും ബുദ്ധിമുട്ടിച്ചിട്ടുണ്ടെങ്കിലും 1959വരെ എം. ഡി. സെമിനാരിയിൽ പ്രവർത്തനങ്ങൾ നടന്നുപോന്നു. 1947 മുതൽ 49 വരെ ഇപ്പോഴത്തെ പ. കാതോലിക്കാബാവാ സെമിനാരിയുടെ ആക്ടിംഗ് പ്രിൻസിപ്പലായിരുന്നു. 1949 മുതൽ 1951 വരെ, കാലം ചെയ്ത പ. ഔഗേൻ പ്രഥമൻ കാതോലിക്കാബാവാ സെമിനാരി പ്രിൻസിപ്പലായി പ്രവർത്തിച്ചു 1951-ൽ വീണ്ടും ഇപ്പോഴത്തെ പ. കാതോലിക്കാബാവാ തിരുമേനി പ്രിൻസിപ്പലായി ചാർജെടുക്കുകയും 1966 വരെ ആ സ്ഥാനത്ത് തുടരുകയും ചെയ്തു. ഇക്കാലം സെമിനാരി നാനാവിധമായ പുരോഗതികൾ കൈവരിച്ച കാലഘട്ടമാണ്.

## വീണ്ടും പഴയസെമിനാരിയിൽ

1959-ലെ സഭാസമാധാനത്തിനുശേഷം വൈദിക വിദ്യാഭ്യാസം പഴയ സെമിനാരിയിൽ പുന


CHACHA REAL ESTATE COMPANY

The Nations Brokerage - Every Day We Earn Americas Trust
211-77 Jamaica Avenue, Queens Village, New York 11428
718 479 9100

RESIDENTIAL COMMERCIAL INDUSTRIAL
LAND MORTGAGES MANAGEMENT

Investment or re-location into New York City Metro area services of America's distingushed realtor with nationally acclaimed symbol of excellence through his knowledge and skills are available.

E. I. ABRAHAM, Omallur MBA, GRI, CRS.
(Subscription paid life member of Malankara Sabha)

രാരംഭിച്ചു. ഇതു സെമിനാരിയുടെ വളർച്ചയെ പലതരത്തിലും ത്വരിതപ്പെടുത്തി. 1956–ൽ ആരംഭിച്ച, വർഷത്തിൽ ഒരു ഞായറാഴ്ചത്തെ കാണിയ്ക്കയും ഇടവകതോറും നടത്തിവരുന്ന കവർ പിരിവും സെമിനാരിയുടെ സാമ്പത്തിക ഭാരത്തെ ലഘൂകരിക്കുകയുണ്ടായി. 1965–ൽ സെമിനാരിയുടെ 150 വർഷം തികയുന്ന ജൂബിലി സമുചിതമായി ആഘോഷിച്ചു. ആ വർഷം തന്നെ സെറാമ്പൂർ യൂണിവേഴ്സിറ്റിയുമായി അഫിലിയേററു ചെയ്ത് ബി. ഡി. ബിരുദം നൽകുന്ന ഒരു മഹാസ്ഥാപനമായി സെമിനാരി ഉയർന്നു. 1960–ൽ സെമിനാരിയുടെ പുതിയ കെട്ടിടങ്ങളുടെ പണിയാരംഭിച്ചു. 1969–ൽ തെക്കോട്ടുള്ള കെട്ടിടം റുമേനിയൻ പാത്രിയർക്കീസ് ജസ്ററിനിയൻ ബാവായും 1977–ൽ വടക്കോട്ടുള്ള കെട്ടിടം റഷ്യൻ സഭയുടെ പരമാദ്ധ്യക്ഷൻ പീമൻ പാത്രിയർക്കീസും ഉദ്ഘാടനം ചെയ്തു. 1974–ൽ സോഫിയാ സെന്ററിന്റെ പ്രവർത്തനവും ആരംഭിച്ചു.

സെമിനാരിയുടെ ആധുനിക കാലഘട്ടം എന്നു വിളിയ്ക്കപ്പെടുന്ന 1942 മുതലുള്ള കാലത്ത് കൈവരിച്ച നേട്ടങ്ങൾ ചിരസ്മരണീയമാണ്. ഇതിന് നേതൃത്വം നൽകിയവരിൽ പ്രമുഖർ ഇപ്പോഴത്തെ പ. കാതോലിക്കാബാവാ തിരുമേനി, ദിവ്യശ്രീ ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ, അഭിവന്ദ്യ പൗലൂസ് മാർ ഗ്രീഗോറിയോസ് (1967 മുതൽ സെമിനാരി പ്രിൻസിപ്പൽ ആയി സേവനമനുഷ്ഠിക്കുന്നു) എന്നിവരാണ്. നമ്മുടെ വൈദികരെ ആധുനിക ലോകത്തിൽ അർത്ഥവത്തായ അജപാലനം നിർവ്വഹിക്കുന്നതിന് പ്രാപ്തരാക്കത്തക്കവിധം സഭാചരിത്രം, ദൈവശാസ്ത്രം, പഴയനിയമം, പുതിയനിയമം, വിവിധ മതങ്ങളും തത്വശാസ്ത്രവും, ആരാധന, സുറിയാനി–ഗ്രീക്ക് ഭാഷകൾ, ഗീതങ്ങൾ തുടങ്ങിയവ ഭാരതത്തിലും വിദേശത്തുമുള്ള പ്രധാന യൂണിവേഴ്സിറ്റികളിൽ നിന്നും ഉന്നത ബിരുദം കരസ്ഥമാക്കിയവർ ആണ് പഠിപ്പിക്കുന്നത്. മാർത്തോമ്മാ സി. എസ്. ഐ. സെമിനാരികളെക്കൂടി ഉൾപ്പെടുത്തി 1980–ൽ ആരംഭിച്ച Federated Faculty for Research in Religion and Culture–ന്റെ കീഴിൽ എം. ററി. എച്ചിനും ഡോക്ടറേററിനും പഠിക്കുന്നതിനുള്ള സൗകര്യവുമുണ്ട്. ഇപ്പോൾ 107 വിദ്യാർത്ഥികൾ ബി. ഡി. യ്ക്കും അഞ്ചു വിദ്യാർത്ഥികൾ എം. ററി. എച്ചിനും പഠിക്കുന്നു.

സെമിനാരിയുടെ പ്രവർത്തനം വൈദികരുടെ ഇടയിൽ മാത്രം ഒതുങ്ങിനില്ക്കുന്നില്ല. അത്മായ പ്രേഷിതത്വം മുൻപിൽ കണ്ടുകൊണ്ട് 1984 ൽ ആരംഭിച്ച 'ദിവ്യബോധന' പഠനപരിപാടി ഒരു വൻവിജയമായിത്തീർന്നു. ആദ്യത്തെ കോഴ്സ് പൂർത്തിയാക്കിയ 440 പേർക്ക് 1986 ഓഗസ്ററ് 9–ാം തീയതി യോഗ്യതാ സർട്ടിഫിക്കററ് നൽകി. ഇപ്പോൾ രണ്ടാമത്തെ കോഴ്സും പൂർത്തിയാക്കിയിരിക്കയാണ്. നമ്മുടെ സഭയുടെ ചരിത്രവും വിശ്വാസവും പഠിപ്പിക്കുവാൻ പ്രൗഢഗംഭീരമായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാനും കഴിഞ്ഞു എന്നത് ഒരു വലിയ നേട്ടമായി കരുതാം. 13000 പുസ്തകങ്ങൾ ഉള്ള നമ്മുടെ സെമിനാരി ലൈബ്രറിയും, ആർക്കൈവ്സും ഇനിയും വികസനമാവശ്യമുള്ള രംഗങ്ങളാണ്. പുതിയനിയമ ഗ്രന്ഥങ്ങൾക്ക് ഒരു ധ്യാനപഠനപരമ്പരയായി 'തിരുവചനഭാഷ്യം' സെമിനാരി അദ്ധ്യാപകരുടെ ആഭിമുഖ്യത്തിൽ സെമിനാരിയിൽ തയ്യാറായിക്കൊണ്ടിരിക്കുന്നു. ഇയ്യിടെ ആരംഭിച്ച ബുക്ക് ഷോപ്പിന്റെ ആഭിമുഖ്യത്തിൽ കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാൻ കഴിയും എന്ന് പ്രത്യാശിക്കാം. സെമിനാരിയിൽ ആരംഭിച്ചിരിക്കുന്ന മ്യൂസിക് സ്കൂളിനും വലിയ സ്വീകരണമാണ് ലഭിച്ചിരിക്കുന്നത്.

## ജൂബിലിയാഘോഷങ്ങൾ

1990–ൽ 175 വർഷം പൂർത്തിയാക്കുന്ന സെമിനാരിയുടെ ജൂബിലിയോടനുബന്ധിച്ച് വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്തിരിക്കയാണ്. ആർഭാടങ്ങളേക്കാളുപരി രാഷ്ട്രത്തിനും സഭയ്ക്കും സെമിനാരിക്കും പ്രയോജനപ്രദമായ പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. 1990 ജനുവരിയിൽ പ്രാർത്ഥനാജാഗരണത്തോടെ ജൂബിലിയാഘോഷങ്ങൾ ആരംഭിക്കുന്നു. തുടക്കമെന്ന നിലയിൽ സെമിനാരി അദ്ധ്യാപകരുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന പുതിയനിയമ വ്യാഖ്യാനപരമ്പരയാണ് 'തിരുവചനഭാഷ്യം' എന്നത്. ഇതിന്റെ പ്രസിദ്ധീകരണം 1990–ൽ പൂർത്തിയാകും. 'മലങ്കരസഭാ വിജ്ഞാനകോശം എന്ന പേരിൽ ആധികാരിക റഫറൻസ് ഗ്രന്ഥവും സെമിനാരിയുടെ ഒരു ചരിത്രഗ്രന്ഥവും കഴിഞ്ഞ 175 വർഷത്തെ മലങ്കരസഭയെ ആസ്പദമാക്കിയുള്ള ലേഖനങ്ങളും ജൂബിലി സ്മരണികയും പ്രസിദ്ധീകരിക്കുവാനുള്ള ഒരുക്കങ്ങൾ നടക്കുന്നു.



## ? സംശയങ്ങൾ ചോദിക്കുക

മററു സഭാംഗങ്ങളുമായുള്ള നമ്മുടെ വിവാഹബന്ധങ്ങളെക്കുറിച്ച് പ. സുന്നഹദോസിന്റെ തീരുമാനം എന്ത്? നമ്മുടെ സഭയിൽപ്പെട്ടവരുമായി മാത്രം വിവാഹം നടത്താൻ Marriage Bureau നമുക്കുണ്ടോ?

വിശദ ഉത്തരത്തിന് പ. സുന്നഹദോസ് തീരുമാനങ്ങൾ അച്ചടിച്ച പുസ്തകം ദേവലോകം സഭാ ഓഫീസിൽനിന്ന് വരുത്തി പഠിക്കുക. പ്രോട്ടസ്റ്റന്റ് മാർത്തോമ്മാസഭ ഉൾപ്പെടെയുള്ള സഭയിലെ പെൺകുട്ടികളെ മൂറോൻ പൂശി എടുക്കുന്നു. റോമൻ കത്തോലിക്കരെങ്കിൽ സത്യവിശ്വാസം ഏററുപറയിപ്പിച്ച് എടുക്കാനും പെന്തക്കോസ്തു തുടങ്ങിയവരെ മാമോദീസാ മുക്കി എടുക്കാനുമാണ് തീരുമാനം. Marriage Bureau തുടങ്ങുവാൻ കൂടിയാണ് തിരുവനന്തപുരത്ത് MAF-SAF Guidance Centre പണിയാൻ തുടങ്ങുന്നത്.

9. കത്തോലിക്കാസഭയും ഓർത്തഡോക്സ് സഭയും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസങ്ങൾ ഏവ?

എലിസബത്ത് സൈമൺ, തെല്ലിശ്ശേരി.

1) പാപ്പായുടെ പരമാധികാരം, ആഗോള അധികാരം, അപ്രമാദിത്വം ഇവ മൂന്നും റോമൻ കത്തോലിക്കർ കൂട്ടിച്ചേർത്തതാണ്. ഓർത്തഡോക്സ് സഭയിൽ സുന്നഹദോസിന്റെ കൊളീജിയാലിററിക്കാണ് അധികാരം. പാത്രിയർക്കീസിനോ കാതോലിക്കായ്ക്കോ വീറേറാ അധികാരമില്ല.
2) ദൈവമാതാവിന്റെ അമലോൽഭവം റോമൻ കത്തോലിക്കർ കൂട്ടിച്ചേർത്തതു നാം സ്വീകരിക്കുന്നില്ല.
3) ബസ്പുർക്കാനാ–നിത്യനരകം എന്നീ രണ്ടു ശിക്ഷ മരണകരമല്ലാത്ത പാപത്തിനും മരണകര പാപത്തിനും നാം വേർതിരിക്കുന്നില്ല. ഇതുപോലെ മററുചില വ്യത്യാസങ്ങളും ഉണ്ട്. 'വിശ്വാസിയായിരിക്ക' എന്ന ഗ്രന്ഥം വായിക്കുക.

10. ലൗകികകാര്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതു ശരിയോ? (Do)

ക്രിസ്ത്യാനിക്ക് ആത്മീകമല്ലാതെ ലൗകികം ഇല്ല. അന്നന്നാവശ്യമുള്ള അപ്പത്തിൽ അനുദിന ഭക്ഷണവും വി. കുർബാനയും ഉൾപ്പെടും. 'നിന്റെ ഇഷ്ടം' എന്ന തലക്കെട്ടിലല്ലാതെ ക്രിസ്ത്യാനിക്ക് ഒരു പ്രാർത്ഥനയും ഇല്ല.

---

സഭയുടെ ചരിത്രം, സംസ്കാരം, ആരാധന വിശ്വാസാചാരങ്ങൾ, കല മുതലായവ ഉൾക്കൊള്ളുന്ന ഒരു ഡോക്യുമെന്ററി ചിത്രം വീഡിയോ കാസററിലാക്കി വിതരണം ചെയ്യുന്നതിനും ഒരുക്കങ്ങൾ നടക്കുന്നു. ജൂബിലിയാഘോഷങ്ങളോടനുബന്ധിച്ച് ഒരാഴ്ചനീണ്ടുനില്ക്കുന്ന സഭാവിജ്ഞാനീയ പ്രദർശനവും നടത്തുവാൻ ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. സഭയുടെ ഒരു മ്യൂസിയവും ആധുനിക രീതിയിലുള്ള ഒരു ആർക്കൈവ്സും സ്ഥാപിക്കുന്നതിന് ആഗ്രഹിക്കുന്നു. സെമിനാരി സ്ഥാപകന്റെ ജന്മദേശമായ കുന്നംകുളം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽവച്ച് മീററിംഗുകളും അന്തർദ്ദേശീയ സെമിനാറുകളും നടത്തുവാൻ ആലോചിക്കുന്നു. കൂടാതെ കൗൺസിലിംഗ് സെന്റർ, ക്രിസ്തീയ ഗാനപഠനകേന്ദ്രം, പുതിയ ലൈബ്രറി കോൺഫറൻസ്ഹാൾ എന്നിവയുൾക്കൊള്ളുന്ന ഒരു ബിൽഡിംഗ് കോംപ്ലക്സും 1990–ൽ പണിയാരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടക്കുന്നു.

ഭാരതത്തിലെ കത്തോലിക്കേതര സെമിനാരികളിൽ ഏററവും പുരാതനവും എല്ലാക്കാര്യങ്ങളിലും മുൻപന്തിയിൽ നില്ക്കുന്നതുമായ സെമിനാരി നമ്മുടെ അഭിമാനമാണ്. അതിന്റെ പുരോഗമന പ്രവർത്തനങ്ങൾ നടക്കണമെങ്കിൽ മലങ്കരസഭാമക്കളുടെ കൂട്ടായ പ്രവർത്തനമുണ്ടായേ പററൂ. സെമിനാരിക്കുവേണ്ടി പ്രാർത്ഥിക്കുകയും അതിന്റെ പ്രവർത്തനങ്ങളിൽ ഏവരും സഹകരിക്കുകയും വേണം. ഒക്ടോബർ 2–ാം നു ഞായറാഴ്ച വൈദിക സെമിനാരിദിനമായിരുന്നു. അന്നത്തെ കവർ പിരിവിൽ നിന്നും നാലുലക്ഷം രൂപാ വരവ് പ്രതീക്ഷിക്കുന്നു. കൂടാതെ ജൂബിലിയാഘോഷങ്ങൾക്കും സഭാമക്കളേവരുടെയും പ്രാർത്ഥനാപൂർവ്വകമായ സഹകരണം അഭ്യർത്ഥിക്കുന്നു.

സ്വാർത്ഥ കാര്യങ്ങൾക്കായല്ല എവർക്കും വേണ്ടിയാണ് പ്രാർത്ഥിക്കേണ്ടത്.

11. ക്രിസ്ത്യൻ സ്ത്രീകൾ നെററിയിൽ പൊട്ടു തൊടാമോ?

(Do)

ഇപ്രകാരമുള്ള കാര്യങ്ങൾ മന:സാക്ഷിക്ക് വിടണം. പൊട്ടുതൊടാത്തവർ തൊടുന്നവരെയും തൊടുന്നവർ തൊടാത്തവരെയും കുററം പറയരുത്. ദേശീയതയുടെ പേരിൽ ആണോ സൗന്ദര്യം വർദ്ധിപ്പിച്ചു കാണിക്കാനാണോ എന്നൊക്കെയും തൊടുന്നവർ സ്വയപരിശോധന നടത്തണം. intention must be pure if action is to bc justified.

12. 'ചതഞ്ഞ ഞാങ്ങണ ഒടിക്കയില്ല'. അർത്ഥം എന്ത്?

എ. എം. ഔസേഫ്, ആൻഡമാൻസ്

ദൈവം നല്ലവനും കാരുണ്യവാനുമാകയാൽ ചതഞ്ഞ ഞാങ്ങണപോലെ ഭിന്നതയുടെ വക്കിലാ

## ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

യവരെ രണ്ടാക്കുകയോ, പുകയുന്ന തിരിപോലെ അല്പവെളിച്ചം മാത്രമുള്ളവരെ നശിപ്പിക്കുകയോ ഇല്ല. Destruction is demonic construction is devine. വെളിച്ചമായ ദൈവത്തിൽ നിന്നല്ല തിന്മയുടെ ആരംഭം. മനുഷ്യ ദുസ്വാതന്ത്ര്യത്തിൽ നിന്നാണ്. വരുന്ന കഷ്ടതയ്ക്കും പ്രശ്നങ്ങൾക്കും ദൈവത്തെ പഴിചാരരുത്.

13. ''സ്ത്രീയെ എനിക്കും നിനക്കും തമ്മിൽ എന്ത്?

(Do)

'തമ്മിൽ' എന്ന വാക്ക് ഗ്രീക്കിൽ ഇല്ല. 'നിനക്കും എനിക്കും എന്ത്'' എന്നാണ് മൂലഭാഷയിൽ. ആവശ്യക്കാർ വന്നു ചോദിക്കട്ടെ എന്നർത്ഥം. എന്നാൽ മാതാവിന്റെ മദ്ധ്യസ്ഥതയിൽതന്നെ യേശു വെള്ളം വീഞ്ഞാക്കിയതായാണ് കാണുന്നത്. ആവശ്യക്കാർ വന്നു ചോദിച്ചതായി രേഖയില്ല.

14. സർവ്വലോകത്തിനുമുള്ള മഹാസന്തോഷമായി ജനിച്ചവൻ 'യിസ്രയേൽ ഗോത്രങ്ങളിലേക്കല്ലാതെ ഞാൻ അയയ്ക്കപ്പെട്ടില്ല' എന്നു പറയുന്നതെന്ത്?

(Do)

കർത്താവിന്റെ ആദ്യ ministry യിലാണ് അതു കാണുന്നത്. പിന്നീട് പുറജാതികളിലേക്കും സർവ്വലോകത്തിലേക്കും തന്റെ വേല നീങ്ങുന്നു. സെറോഫൊനീഷ്യക്കാരിയുടെ മകളെ സൗഖ്യമാക്കിയതു മുതൽ യഹൂദരല്ലാത്തവരിലേക്കും താൻ പ്രവർത്തനം നീട്ടുന്നു. 'ആദ്യം യരൂശലേമിലും.....'അ. (പ.1.8.) എന്ന മുറയ്ക്കാണ് നാമും നീങ്ങുന്നത്.

15. മലങ്കര സഭാംഗമല്ലാത്ത വൈദികർക്ക് വി.കുർബാനസമയത്ത് മദ്ബഹായിൽ നിൽക്കാമോ?

(Do)

റോമൻ കത്തോലിക്കാ, ഗ്രീക്ക് ഓർത്തഡോക്സ്, കോപ്റ്റിക്ക്, അർമീനിയൻ, സിറിയൻ, എത്യോപ്യൻ സഭകളിലെ വൈദികർക്കും നിൽക്കാം. If we accept ther ministry, we can welcome them.

16. ഹൂസോയോ പ്രാപിക്കാൻ പട്ടക്കാരൻ തലയിൽ കൈവച്ചു പ്രാർത്ഥിച്ചശേഷം വി. കുർബാന സ്വീകരിക്കാമോ?

(Do)

കുററബോധമുള്ള കാര്യങ്ങൾ കുമ്പസാരിച്ച് ഏററുപറയാൻ ഇല്ലെങ്കിൽ കൈവച്ചു പട്ടക്കാരൻ പ്രാർത്ഥിച്ചശേഷം അനുഭവിക്കാം.

17. വേദപുസ്തകം പരിശുദ്ധാത്മനിശ്വാസ്യമെങ്കിൽ പൂർവ്വാപരവിരുദ്ധമായി പലതു കാണുന്നതെന്തുകൊണ്ട്?

സി. എം. മാത്യു, ഇരവിപേരൂർ.

റൈറപ്പ് റൈട്ടർ ഉപയോഗിച്ചല്ലാ തെററുള്ള മനുഷ്യരെ ഉപയോഗിച്ചാണ് പരിശുദ്ധാത്മാവ് വേദം എഴുതിച്ചത്. അതിനാൽ മാനുഷിക ബലഹീനതയും പരിമിത ജ്ഞാനവും അതിൽ കാണാം. ദൈവ–മനുഷ്യഗ്രന്ഥമാണ് ദൈവവചനം. നിത്യസത്യങ്ങളിലല്ല തെററുകാണുന്നത്. (വിശ്വാസിയായിരിക്ക, വായിക്കുക)

18. തള്ളക്കഴുതയേയും കുട്ടിയേയും ഓശാനയ്ക്ക് ഉപയോഗിച്ചു എന്നു വി.മത്തായിയും കഴുതക്കുട്ടി മാത്രമെന്നു മററു സവിശേഷങ്ങളിലും കാണുന്നതെന്തുകൊണ്ട്?

(Do)

സഖ. 9:9 വി. മത്തായി തെററായി ധരിച്ച് അങ്ങനെ എഴുതി എന്നു മാത്രം. ഒരു കഴുതക്കുട്ടിയെയാരിക്കണം കൊണ്ടുവന്നത്.

19. മഗ്ദലക്കാരി മറിയയെ വേശ്യയാക്കിയത് വള്ളദത്തോൾ അല്ലേ. അങ്ങനെ സുവിശേഷങ്ങളിലുണ്ടോ?

ഇല്ല. പലരും അങ്ങനെ തെററായി ധരിച്ചു എന്നു മാത്രം.

20. സമാധാനപ്രഭു 'വാളും ഛിദ്രവും വരുത്തുമോ. (ലൂ. 12:49–51)

(Do)

തന്നെ പിൻപററുന്നവർക്ക് സമാധാനം. പിൻപററാത്തവരിൽ നിന്നു പിൻപററുന്നവർക്ക് വാൾ. ഇതാണ് സഭാചരിത്രം.



# നാം ക്രിസ്തുവിൻ പടയാളികൾ

(എഫെ. 6: 10–20)

Wg. Cdr. Dr. Punnoose U. Pannoor, New Delhi

ഒരു ക്രിസ്ത്യാനിയുടെ ജീവിതം യുദ്ധസമാനമാണ്. ഈ ലോകത്തോടും സാത്താന്റെ വിവിധ പരീക്ഷണങ്ങളോടും ജയിച്ചെങ്കിലേ ജീവിതം വിജയിക്കൂ. പരീക്ഷകളും പരീക്ഷണങ്ങളും നമുക്കുണ്ടാകും, എന്നാൽ അവയെ ജയിക്കുന്നതിനുള്ള വഴികളും ദൈവം നമുക്കു കാണിച്ചു തരും.

സാത്താന്റെ കുതന്ത്രങ്ങളോടു എതിർത്തു നില്പാൻ ഏതെല്ലാം ആയുധങ്ങളാണു നാം ധരിക്കേണ്ടത്? എഫെസ്യലേഖനം ആറാം അദ്ധ്യായം 10–ാം വാക്യം മുതൽ നാം ധരിണ്ടേതിനു ദൈവം നമുക്കു നൽകുന്ന പടക്കോപ്പുകളെക്കുറിച്ചു വിവരിച്ചിരിക്കുന്നു. ദൈവത്തിന്റെ സർവായുധവർഗ്ഗം എന്നാണു അവയെ വിളിച്ചിരിക്കുന്നത്.

സാത്താനോടു ജയിപ്പാൻ കർത്താവിനോടു ഏകീഭവിച്ചു നാം കരുത്തുള്ളവരായിത്തീരേണ്ടതാണ്. പിന്നീടു ദൈവദത്തമായ വിവിധ ആയുധങ്ങൾധരിച്ചു യുദ്ധത്തിനൊരുങ്ങണം. അങ്ങനെ ചെയ്താൽ ജീവാന്ത്യത്തോളം പോരാടുന്നതിനും ജീവിതവിജയം നേടുന്നതിനും സാധിക്കും.

വി. പൗലോസുശ്ളീഹാ കാരാഗൃഹത്തിൽ കിടന്നുകൊണ്ടു എഫേസ്യലേഖനം എഴുതുമ്പോൾ കാവൽക്കാരായികണ്ട പടയാളികളുടെ വേഷ വിധാനങ്ങളാണു ഇവിടെ വിവരിച്ചിരിക്കുന്നത്. അവർ മേല്ക്കുപ്പായവും അരക്കെട്ടും പാദരക്ഷയും പടത്തൊപ്പിയും കവചവും വാളും പരിചയും ധരിച്ചവരായിരുന്നു.

ഒരു വിശ്വാസി ധരിക്കേണ്ട ആയുധ വർഗ്ഗങ്ങളെ ഓരോന്നായി നമുക്കു പരിശോധിക്കാം:–

## 1. സത്യം എന്ന അരക്കെട്ട്

(Belt of truth)

വാൾ തൂക്കിയിടുതിനാണ് അരക്കെട്ടു ഉപയോഗിച്ചിരുന്നത്. സത്യത്തിനു സാക്ഷി നിൽക്കുന്നതിനാണ് നമ്മുടെ കർത്താവു ലോകത്തിലേക്കുവന്നത്. അങ്ങനെ വെളിപ്പെടുത്തപ്പെട്ട സത്യമാണ് നമ്മുടെ അരക്കെട്ട്. സത്യം മാത്രം സംസാരിപ്പാനും സത്യത്തിനുവേണ്ടി നിലനില്ക്കാനും നമുക്കു കഴിയേണ്ടതാണ്. (എഫെ. 4:25)

## 2. നീതി എന്ന കവചം

(Breast plate of righteousness)

ശത്രുവിന്റെ ആക്രമണത്തിൽ നിന്നും രക്ഷപെടുവാൻ മാറിൽ അണിയുന്നതാണു കവചം. ക്രിസ്ത്യാനി മാറിൽ അണിയേണ്ടത് നീതിയാകുന്ന കവചമാണ്. അതു അവനെ ശക്തനാക്കുകയും എല്ലാ വിധ ആക്രമണങ്ങളിൽ നിന്നും കാത്തു സൂക്ഷിക്കയും ചെയ്യും. 'മുന്നമെ, ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ' 'യഥാർത്ഥ നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ അനുഗ്രഹിക്കപ്പെട്ടവർ' (മത്താ. 5:6)

മശിഹായുടെ നടുക്കെട്ടു നീതിയും അവന്റെ അരക്കച്ച വിശ്വസ്തതയും ആമെന്നു യെശയ്യാവു 11:5–ൽ കാണുന്നു. 'അവൻ നീതി ഒരു

21. 'രണ്ടു വസ്ത്രം അരുത്'' എന്നു പറഞ്ഞവൻ വസ്ത്രം വിററു വാൾ വാങ്ങാൻ പറഞ്ഞതെന്തുകൊണ്ട്?

(Do)

ആ വാൾ ഉപയോഗിച്ചപ്പോൾ ഉറയിൽ ഇടുവാൻ താൻ നിർദ്ദേശിച്ചു. 'വാൾ എടുക്കുന്നവൻ വാളാൽ മരിക്കും' എന്നും ബലഹീനതയിൽ നിന്നല്ല ബലത്തിൽ നിന്നാണ് ക്ഷമിക്കേണ്ടതെന്നു സാരം.

22. അനീതിയുള്ള മാമോനെക്കൊണ്ട് സ്നേഹിതരോ?

(Do)

എല്ലാ സ്വത്തും ദൈവമക്കൾക്കു മുഴുവനുമുള്ളതാകയാൽ അനീതിയുടെ സ്വത്താണ് നമ്മുടെ എല്ലാം കൈയ്യിലുള്ളത്. കള്ളക്കച്ചവടക്കാരന്റെ ദാനം വാങ്ങാതിരുന്നാൽ ഏറെ നന്ന്.

23. മോശയുടെ അമ്മാവിയപ്പൻ യിത്രോയോ രഹൂവേലോ?

(Do)

ഒരാളുടെ രണ്ടു പേരുകളാണവ.

24. മറിയാമിൻ സ്മരണം വരദായകമാകശരിയോ?

(Do)

സ്മരണം എന്നും സ്മരണ എന്നും ശരിയാണ്.

കവചം പോലെ ധരിച്ചു. രക്ഷ എന്ന [illegible]രിക തലയിൽ ഇട്ടു'. (യെശ. 59.17) 'അവൻ നീതിമാനാകുന്നതുപോലെ നീതിചെയ്യുന്നവൻ നീതിമാൻ ആകുന്നു' (1. യോഹ. 3.7) എന്നീ ക്രിസ്തുവിനെക്കുറിച്ചുള്ള വചനങ്ങൾ നമുക്കു മാതൃകയായിരിക്കേണ്ടതാണ്.

## 3. സമാധാന സുവിശേഷം എന്ന പാദരക്ഷ (the gospel of peace)

സുവിശേഷത്തിനായുള്ള ഒരുക്കമായിരിക്കണം ക്രിസ്ത്യാനിയുടെ ചെരുപ്പ്. സമാധാനം ഉണ്ടാക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. 'സമാധാനം ഉണ്ടാക്കുന്നവർ അനുഗ്രഹിക്കപ്പെട്ടവർ' (മത്താ 5 9) സമാധാന സന്ദേശം പ്രചരിപ്പിക്കുവാൻ നാം എപ്പോഴും ഒരുക്കമുള്ളവരായിരിക്കേണ്ടതാണ്.

## 4. വിശ്വാസം എന്ന പരിച (Shield of faith)

ശത്രുവിന്റെ ആക്രമണത്തെ ചെറുക്കുവാൻ ക്രിസ്ത്യാനി എപ്പോഴും കയ്യിൽ വഹിക്കേണ്ടത് വിശ്വാസം എന്ന പരിചയാകുന്നു. റോമാക്കർ ഉപയോഗിച്ചിരുന്ന പരിച നാലടി നീളവും രണ്ടടി വീതിയുള്ളതുമായിരുന്നു. ശരീരത്തിന്റെ മേൽഭാഗം മുഴുവൻ മറയ്ക്കുവാൻ അതു ഉപകരിച്ചിരുന്നു. യേശുക്രിസ്തുവിലുള്ള പൂർണ്ണമായ ആശ്രയമാകുന്നു നമ്മുടെ പരിച. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം പരീക്ഷകളെ ജയിക്കുവാൻ നമ്മെ സഹായിക്കും. വിശ്വാസത്തിൽ സ്ഥിരതയുള്ളവരായി നമ്മുടെ പ്രതിയോഗിയായ പിശാചിനോടു എതിർത്തുനില്ക്കുവാൻ വി. പത്രോസ് ശ്ലീഹായും നമ്മെ ഉത്ബോധിപ്പിക്കുന്നു. (1. പത്രോ. 5 9)

## 5. രക്ഷ എന്ന പടത്തൊപ്പി. (Helmet of salvation)

ശരീരത്തിലെ ഏററവും പ്രധാന ഭാഗമാണല്ലോ തല, തലയെ ലോഹനിർമ്മിതമായ പടത്തൊപ്പി ശത്രുവിന്റെ വെട്ടേല്ക്കാതിരിക്കാൻ സഹായിക്കും. അതുപോലെ വിശ്വാസി ക്രിസ്തുമൂലമുള്ള രക്ഷകൊണ്ടു പൊതിഞ്ഞിരിക്കേണ്ടതാണ്. 'നാം പകലിനുള്ളവരാകയാൽ വിശ്വാസവും സ്നേഹവും കവചമായും രക്ഷയുടെ പ്രത്യാശ പടത്തൊപ്പിയായും ധരിച്ചുകൊണ്ടു ജാഗ്രതയുള്ളവരായിരിക്കണം' (തെസ്സ. 5.8)

## 6. ദൈവവചനമെന്ന ആത്മാവിന്റെ വാൾ (Sword of the spirit)

ദൈവവചനം പിശാചിന്റെ പരീക്ഷകളെ ജയിക്കുവാൻ നമ്മെ സഹായിക്കും.' ദൈവത്തിന്റെ വചനം ജീവനും ചൈതന്യമുള്ളതായ ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കും വരെ തുളച്ചുകയറുന്നതും ഹൃദയത്തിലെ ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു' (എബ്രാ. 4 12) ദൈവവചനം ഹൃദയത്തിൽ സംഗ്രഹിക്കുന്നതിനും കൂടെ ഉരുവിട്ടു ധൈര്യം പ്രാപിക്കുന്നതിനും വിശ്വാസിക്കു കഴിയേണ്ടതാണ്. നമ്മുടെ കർത്താവു പിശാചിന്റെ പരീക്ഷകളെ ജയിച്ചതു ദൈവവചനത്തിൽ കൂടിയാണ് (മത്താ. 4: 4, 7, 10)

## 7. പ്രാത്ഥന (Prayer)

വിശ്വാസി എപ്പോഴും പ്രാർത്ഥിക്കുന്നവനായിരിക്കണം. ജാഗരണത്തോടും ഏകാഗ്രമായും പ്രാർത്ഥിപ്പാൻ നമുക്കു കഴിയേണ്ടതാണ്. ദൈനംദിന പ്രാർത്ഥന ജീവിതത്തെ പുഷ്ടമാക്കുകയും പ്രതിസന്ധികളെ നേരിടുവാൻ സഹായിക്കുകയും ചെയ്യും. നാം നമുക്കുവേണ്ടി മാത്രമല്ല, മററുള്ളവർക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ കടപ്പെട്ടിരിക്കുന്നു. (എഫെ. 6 18–20)

നമുക്കു അഭിമുഖമായി വരുന്ന ആക്രമണങ്ങളെ ചെറുക്കുന്നതിനുള്ള ആയുധങ്ങളെക്കുറിച്ചാണ് മേൽ വിവരിച്ചിരിക്കുന്നത്. പിന്നിൽ നിന്നു വരുന്ന ആക്രമണത്തിൽ നിന്നു രക്ഷപെടുന്നതെങ്ങനെയാണ്? ശത്രുവിനു അഭിമുഖമായി നിന്നുവേണം യുദ്ധം ചെയ്യുവാൻ. ഒരിക്കലും പിൻതിരിഞ്ഞുകൂടാ എന്നാണ് ഇതിൽ നിന്നും ധ്വനിക്കുന്നത്. (ലൂക്കോ 9:62).

അങ്ങനെ ജീവിത വിജയത്തിന്, സാത്താനുമായുള്ള ദൈനംദിന പോരാട്ടത്തിൽ ജയിക്കുവാൻ നാം ദൈവത്തിന്റെ സർവായുധവർഗ്ഗം ധരിക്കുകയും, ആത്മധൈര്യം പ്രാപിക്കുകയും വേണമെന്ന് വി. പൗലോസ്ശ്ലീഹാ വിശ്വാസികളെ പ്രബോധിപ്പിക്കുന്നു. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം; ക്രിസ്തുയേശുവിൽ കൂടിയുള്ള രക്ഷയിലുള്ള ശരണം; സത്യം, സമാധാനം, നീതി എന്നിവയിലുള്ള നിഷ്ഠ; ദൈവവചനത്തിൽ ഊന്നലും, പ്രാർത്ഥനയിൽ അധിഷ്ഠിതവുമായ ജീവിതം എന്നിവ എല്ലാ പൈശാചിക ശക്തികളെയും ജയിക്കുവാൻ നമ്മെ സഹായിക്കും.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ബാബു വർക്കി, നാഗാലാൻറ്.

ഒരു വിശ്വാസി, മസ്ക്കററ്.



തോമസ് വർഗീസ്, ചങ്ങനാശ്ശേരി.

ജൂലി കണ്ണനേത്ത്, ഓമല്ലൂർ.



ജൂലി, കണ്ണനേത്ത്, ഓമല്ലൂർ.



ഒരു വിശ്വാസി, J. M. Durg.

ഒരു വിശ്വാസി, രേണുക്കൂട്ട്.

കെ. ഇട്ടിഅവിരാ, ദൂബായ്.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



അനിതാ പി. ഉമ്മൻ. ഒരു വിശ്വാസി. ഏബ്രഹാം വർഗീസ് തിരുവനന്തപുരം.



ശ്രീമതി. എസ്. പൊടിക്കുഞ്ഞ്. ഒരു വിശ്വാസി, അടൂർ. പി. സി. തോമസ്, നിരണം.



സഖറിയാ കായംകുളം. മിസ്സിസ് & മിസ്റ്റർ. സാബു ജോർജ്ജ്.



Mrs. ലിസ്സി കുറിയാക്കോസ് M. A. B. ED. വെണ്ണിക്കുളം. ജന്മദിനത്തിൽ മദ്ധ്യസ്ഥതാസഹായത്തിന്—ഐസക് ജയ്പൂർ.



# നമ്മുടെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ മറ്റൊരു നൂറ്റാണ്ടിലേക്കും സഹസ്രാബ്ദത്തിലേക്കും (i)

ഫാ. ഡോ. ജേക്കബ് കുര്യൻ

മറ്റൊരു നൂറ്റാണ്ടിലേക്ക് അതിലുമുപരി മറ്റൊരുസഹസ്രാബ്ദത്തിലേക്ക് നാം കാൽവയ്ക്കുന്നു എന്നത് ചരിത്രപരമായി ഒരു സാധാരണ സംഭവമാണ്. പക്ഷേ, സഭയുടെ സാക്ഷ്യപാതയിൽ പരിശുദ്ധാത്മാവിന്റെ പുതുക്കം പ്രത്യേകമായി അനുഭവിക്കാനുള്ള ഒരു മുഖാന്തിരമാണ് അത്. സഭയുടെ ആന്തരിക ജീവന്റെ അളവുകോലും സാക്ഷ്യത്തിന്റെ കരങ്ങളുമാണ് ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ. അതുകൊണ്ട് ഇതഃപര്യന്തമുള്ള പ്രവർത്തനചരിത്രത്തിന്റെ പശ്ചാത്തലത്തിൽ അവയുടെ ഭാവിയിലെ പ്രവർത്തനശൈലിയെക്കുറിച്ച് അല്പമായി ചിന്തിക്കുന്നത് യുക്തമെന്നു കരുതുന്നു. പുതുമകൾ ഒന്നും അവകാശപ്പെടാതെ നമുക്കറിയാവുന്ന ചില വസ്തുതകളെക്കുറിച്ച് പ്രത്യേകമായി ചിന്തിക്കുവാൻ മാത്രമാണ് ശ്രമിക്കുന്നത്.

## 1. ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ പ്രവർത്തന ചക്രവാളം.

സൺഡേസ്കൂൾ, ബാലസമാജം, ബാലികസമാജം, യൂത്ത്ലീഗ്, വിദ്യാർത്ഥിപ്രസ്ഥാനം, മർത്തമറിയം സമാജം, പ്രാർത്ഥനായോഗം, വയോജന പ്രസ്ഥാനം മുതലായവയാണല്ലോ നമ്മുടെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ. ഇടവക, ഭദ്രാസനകേന്ദ്രം മുതലായതലങ്ങളിൽ ഈ പ്രസ്ഥാനങ്ങളിൽ ഭൂരിപക്ഷവും സംഘടിതമായി പ്രവർത്തിക്കുന്നു. അതനുസരിച്ചുള്ള ഒരു പ്രവർത്തന ചക്രവാളമാണ് ഇന്നുള്ളത് അതായത് ആ ചക്രവാളത്തിന്റെ ഏറ്റവും ബാഹ്യമായ വൃത്തത്തിൽ നമ്മുടെ സഭയും അതിന്റെ ഏറ്റവും കേന്ദ്രീകമായ ബിന്ദുവിൽ ഇടവകയുമാണ്. അതുകൊണ്ട് ഇതുവരെ നമ്മുടെ സഭയുടെ വിശ്വാസം അറിയുന്നവരും കല്പനകൾ അനുസരിക്കുന്നവരും ഇടവകയ്ക്ക് വല്ലതും കൊടുക്കുന്നവരുമായ സഭാംഗങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തിൽ പ്രവർത്തിച്ചു.

പുതിയ ഒരു കാലഘട്ടത്തിൽ ഈ പ്രവർത്തന ചക്രവാളത്തിന് കാര്യമായ വികസനം ആവശ്യമാണെന്ന് നമുക്കു ബോദ്ധ്യമായിക്കൊണ്ടിരിക്കയാണ്. ഈ വികസനം എല്ലാ ആത്മിക സംഘടനകൾക്കും ഒരുപോലെ ഒരുൾക്കാഴ്ച എല്ലാവർക്കും ആവശ്യമാണ്. എന്താണ് ഈ വികസനത്തിന്റെ ഉൾക്കാഴ്ച? ഒരിടവക എന്നതിനേക്കാൾ വിവിധ ക്രൈസ്തവ സമൂഹങ്ങളിലും മതങ്ങളിലും പ്രത്യയശാസ്ത്രങ്ങളിലും രാഷ്ട്രീയചേരികളിലും സാമ്പത്തികനിലവാരങ്ങളിലും ഉൾപ്പെടുന്ന ഒരു സമൂഹത്തെ (Community) ആണ് ഇന്നു നമ്മുടെ പ്രവർത്തനത്തിന്റെ കേന്ദ്രബിന്ദുവായി കാണേണ്ടിയിരിക്കുന്നത്. ഒരുദാഹരണം പറയാം. നമ്മുടെ ദൈനംദിനജീവിതത്തിൽ നാം ഇടപെടുന്ന ആളുകളുടെ എണ്ണം എടുക്കാം. അവരിൽ എത്രപേരായിരിക്കും നമ്മുടെ ഇടവകക്കാർ ഉള്ളത്? മിക്കവരും ഭൂരിപക്ഷവും ഇടവകയ്ക്ക് വെളിയിലുള്ളവരാണ്. ഇപ്രകാരമുള്ള ഒരു സമൂഹജീവിതത്തിലെ ക്രൈസ്തവ സാക്ഷ്യത്തിനുവേണ്ടിയാണ് ആദ്ധ്യാത്മികപ്രസ്ഥാനങ്ങൾ നിലകൊള്ളുന്നത്. അപ്പോൾ അവയുടെ പ്രവർത്തന ചക്രവാളത്തിന്റെ കേന്ദ്രബിന്ദു പ്രസ്തുത സമൂഹമാകണം. അതിന്റെ ബാഹ്യമായ വൃത്തത്തിൽ നമ്മുടെ സഭ മാത്രമല്ല സർവസൃഷ്ടിയും ഉൾക്കൊള്ളണം. അപ്പോൾ അതിനനുസരിച്ച് നമ്മുടെ ബോധനത്തിലും പഠനത്തിലും സേവനത്തിലും ഊന്നൽ കൊടുക്കേണ്ടിവരും. അതോടൊപ്പം സഭയുടെ വിശ്വാസം പഠിക്കുന്നതും സഭാപരമായ ആത്മീയശിക്ഷണത്തിൽ വളരുന്നതും പ്രാധാന്യമർഹിക്കുന്നു. മേല്പറഞ്ഞ പ്രവർത്തനപരമായ ഊന്നലിന്റെ ചില വിശദാംശങ്ങൾ അടുത്തതായി ചിന്തിക്കാം.

## 2. പ്രവർത്തനത്തിലെ ഊന്നൽ

ഇതുവരെയുള്ള പ്രവർത്തനത്തിന്റെ ശൈലി പരിശോധിച്ചാൽ മനസ്സിലാകും പ്രധാനമായും 'കേന്ദ്രനിർദ്ദേശാനുസരണം' കാര്യങ്ങൾ നിറവേറ്റുന്നതിലായിരുന്നു എന്ന്. ഒ. വി. ബി. എസ്. സംഘടിപ്പിക്കുന്നതിലായാലും യുവജനവാരം ആഘോഷിക്കുന്നതിലായാലും വേദപഠനം നടത്തുന്നതിലാണെങ്കിലും ഇത് വ്യക്തമാണ്.

# ഈ വിളി കേൾക്കുമോ?

## മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ

ക്രൈസ്തവ സാക്ഷ്യത്തിന്റെ പ്രസക്തി എന്നുമുണ്ട്. അവികസിത മേഖലകളിൽ, സേവനത്തിന്റെ കൈത്തിരിയുമായി കടന്നുചെല്ലാൻ കത്തോലിക്കാ വൈദികർക്കും കന്യാസ്ത്രീകൾക്കും കഴിയുന്നു. മലങ്കരസഭാമക്കൾക്കും അതിലൊരു പങ്കാളിത്തം വേണ്ടതല്ലേ? മതപരിവർത്തനത്തെക്കാൾ, മന:പരിവർത്തനത്തിനും മനുഷ്യത്വവികസനത്തിനും വേണ്ടിയുള്ള ക്രൈസ്തസാക്ഷ്യത്തിന് പ്രവർത്തകരെ ആഹ്വാനം ചെയ്യുകയാണ് അഭിവന്ദ്യ തേവോദോസ്യോസ് തിരുമേനി, ഈ ലേഖനത്തിൽകൂടി—പത്രാധിപർ.

മൂന്നു നാലു കൊല്ലങ്ങൾക്കുമുമ്പ് അരുണാചൽ പ്രദേശത്തോടടുത്തു കിടക്കുന്ന ആസ്സാമിലെ ചില സ്ഥലങ്ങളിൽ ജോലിചെയ്തു താമസിക്കുന്ന സഭാംഗങ്ങളെ സന്ദർശിക്കാൻ എനിക്ക് അവസരം ലഭിച്ചു. ആതിഥ്യവും ആരാധന നടത്താനുള്ള ക്രമീകരണങ്ങളും അവിടെയുള്ള കത്തോലിക്കാ ദേവാലയങ്ങളിലെയും സ്കൂളുകളിലെയും മലയാളി അച്ചന്മാർ ചെയ്തുതന്നു. ആ പ്രദേശങ്ങളിലുള്ള അവരുടെ പ്രവർത്തനങ്ങളെപ്പററി അന്വേഷിച്ചപ്പോൾ ക്രമീകൃതവും ശക്തവുമായ അവരുടെ പ്രവർത്തനങ്ങളെപ്പററി പല വസ്തുതകൾ മനസ്സിലാക്കാൻ കഴിഞ്ഞു. അക്കൂട്ടത്തിൽ അരുണാചൽ പ്രദേശത്തെ പ്രവർത്തനങ്ങളെപ്പററിയും അവർ വിശദീകരിച്ചു 1978—ലെ Arunachal pradesh Freedom of Religion Act മൂലം ക്രൈസ്തവസഭകൾക്ക് ആ സ്റേററിൽ മിഷ്യൻ പ്രവർത്തനം പരിപൂർണ്ണമായും നിഷേധിക്കപ്പെട്ട സാഹചര്യത്തിൽ അവിടെ അണ്ടർഗ്രൗണ്ടിൽ നടക്കുന്ന മിഷൻ പ്രവർത്തനങ്ങളെപ്പററി അച്ചന്മാർ വിവരിച്ചതുകേട്ടപ്പോൾ നീറോ ചക്രവർത്തി തുടങ്ങി നിരവധി പ്രബലന്മാരായ ഭരണാധിപന്മാരും, റഷ്യയിലെയും ചൈനയിലെയും അതിശക്തമായ ഭരണകൂടങ്ങളും നിഷ്കരണങ്ങളും പൈശാകിങ്ങളുമായ പീഡനങ്ങളാൽ പരിശ്രമിച്ചിട്ടും നിരോധിക്കാനോ നശിപ്പിക്കാനോ കഴിഞ്ഞിട്ടില്ലാത്ത അജയ്യശക്തിയാണല്ലോ സുവിശേഷത്തിനുള്ളത് എന്നോർത്തു. അവർ അന്നു പറഞ്ഞത് ഞാനിന്നും ഓർക്കുന്നു 'അരുണാചൽ പ്രദേശ് ഗവൺമെൻറ് എത്ര നിരോധിച്ചാലും അവിടെ സുവിശേഷവേല മുന്നേറും. മിഷനറിമാർക്ക് കടന്നു ചെല്ലാൻ സാദ്ധ്യമല്ലെങ്കിലും ഇതിനോടകം വിശ്വാസം സ്വീകരിച്ചവർ ശക്തമായി പ്രവർത്തിക്കുകയും അനേകർ അവരോടു ചേരുകയും ചെയ്യുന്നുണ്ട്. അനേകം ചെറുപ്പക്കാർ സർക്കാരിന്റെ ശ്രദ്ധയിൽ പെടാതെ അരുണാചൽപ്രദേശത്തിനടുത്ത് ആസാമിലുള്ള മിഷൻകേന്ദ്രങ്ങളിൽ വന്ന് വിശ്വാസം പഠിക്കയും അവരെ Catechist ആയി നിയമിച്ച് മററുള്ളവരെ വിശ്വാസം പഠിപ്പിക്കുവാൻ മടക്കി അയയ്ക്കയും ചെയ്യുന്നു. അവർ ആ ദേശക്കാരാകയാൽ സർക്കാരിന് അവരോടൊന്നും ചെയ്യാൻ പററില്ല. അനതിവിദൂരഭാവിയിൽ അരുണാചൽപ്രദേശിൽ ശക്തമായ ഒരു സഭ രൂപം കൊള്ളും.' ആസ്സാമിന്റെ വടക്കുകിഴക്കേ അതിർത്തിക്കടുത്ത് അരുണാചൽ പ്രദേശിനോടടുത്ത് സ്ഥിതി ചെയ്യുന്ന Dibrugar നഗരത്തിൽ അടുത്തകാലത്ത് സ്ഥാപിതമായ കത്തോലിക്കാ മിഷ്യൻ ഡയോസിസാണ് അരുണാചൽപ്രദേശത്തെ മിഷൻപ്രവർത്തനങ്ങളുടെ ശക്തികേന്ദ്രം. ഭദ്രാസനാധിപൻ മലയാളിയായ ബിഷപ്പ് തോമസ് മേനാം പറമ്പിലും. മിഷ്യൻ പ്രവർത്തകരിൽ ബഹുഭൂരിപക്ഷംവും കേരളത്തിൽ നിന്നുള്ള അച്ചൻമാരും കന്യാസ്ത്രീകളും. അത്രെ.

ഇത്രയും വസ്തുതകൾ മനസ്സിലാക്കിയിരുന്നതിനാൽ കഴിഞ്ഞ July 31—ാം നുയിലെ India Tody എന്ന News Magazine—ൽ അരുണാചൽ പ്രദേശിൽ നിന്ന് Ramesh Menon എഴുതിയ Spreading the Gospel എന്ന ലേഖനം വായിച്ചപ്പോൾ അതിനെ അസ്പദമാക്കിക്കൊണ്ട് മലങ്കര



സഭാംഗങ്ങളുടെ അറിവിനും പരിചിന്തനത്തിനുമായി ചില കാര്യങ്ങൾ പറയണമെന്നു തോന്നുകയാൽ ഇതെഴുതുകയാണ്.

പ്രസ്തുത ലേഖനത്തിലെ ചില വസ്തുതകളാണ് താഴെപ്പറയുന്നത്—ക്രിസ്ത്യൻ മിഷ്യനറിമാരെ നിരോധിക്കുന്നതിനായി 1978—ൽ കൊണ്ടുവന്ന വിവാദപരമായ Act നു മുമ്പ് അരുണാചൽ പ്രദേശിലെ ക്രിസ്ത്യാനികളുടെ എണ്ണം അയ്യായിരത്തിനു താഴെ ആയിരുന്നെങ്കിൽ ഇന്ന് അത് അറുപതിനായിരമാണ്. ക്രിസ്ത്യൻ മിഷ്യനറിമാർ നിരോധിക്കപ്പെടുകയും, രാമകൃഷ്ണ മിഷൻ, വിവേകാനന്ദ കേന്ദ്രം മുതലായ ഹിന്ദുസ്ഥാപനങ്ങൾക്ക് ഇഷ്ടംപോലെ സ്കൂളുകളും ആശുപത്രികളും സ്ഥാപിച്ചു പ്രവർത്തിപ്പാൻ എല്ലാവിധ സഹായങ്ങളും സ്റേററു ഗവൺമെൻറ് നിർലോഭം നൽകുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ക്രിസ്ത്യാനികളുടെ ഈ വർദ്ധനവ്. അഗതികളുടെ അമ്മയായി ലോകം അംഗീകരിച്ച മദർ തെരേസയ്ക്ക് ഒരു ഭവനം തുടങ്ങാൻ പോലും അനുവാദം നല്കാതെ വിവേചനാപരമായി പെരുമാറുന്ന സ്റേററു ഗവൺമെൻറിന്റെ നിരോധനങ്ങളെ അതിലംഘിച്ചാണ് സുവിശേഷത്തിന്റെ ഈ മുന്നേറ്റം അവിടെ നടക്കുന്നത്. ഇതിനുള്ള ചില കാരണങ്ങളും ലേഖകൻ പറയുന്നുണ്ട്.

(1) അരുണാചൽ പ്രദേശിനു തൊട്ടുകിടക്കുന്ന ആസ്സാം അതിർത്തിയിൽ അനേകം സ്കൂളുകളും ആശുപത്രികളും ജീവകാരുണ്യ പ്രവർത്തനത്തിനുള്ള ഇതര സ്ഥാപനങ്ങളും ക്രിസ്ത്യൻ മിഷ്യനറിമാർ നടത്തി സാധുക്കൾക്ക് വിദ്യാഭ്യാസവും ചികിത്സാ സൗകര്യങ്ങളും ധാരാളമായി ലഭ്യമാക്കുന്നു. അരുണാചൽ പ്രദേശത്തുനിന്നും ധാരാളം കുട്ടികൾ ഈ സ്കൂളുകളിൽ പഠിക്കുന്നു. സ്കൂളുകളോടനുബന്ധിച്ചുള്ള ഹോസ്ററലുകളിൽ നൂറുകണക്കിന് സാധുക്കളായ കുട്ടികളെ താമസിപ്പിച്ച് അവരുടെ ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ വളർച്ചയിൽ മിഷ്യനറിമാർ പ്രത്യേകം ശ്രദ്ധിക്കുന്നു. വിദ്യാഭ്യാസം പൂർത്തിയാകുമ്പോഴേക്കും കുട്ടികളിൽ നല്ലൊരു ഭാഗം ഉറച്ച വിശ്വാസികളായി രൂപാന്തരപ്പെട്ടു കഴിയും.

മുൻ പറഞ്ഞ തദ്ദേശീയരായ Catechists


### പ്രീ പബ്ലിക്കേഷൻ

### ക്രിസ്തീയ പ്രേഷിത ദൗത്യം

ലോകപ്രശസ്ത മിഷ്യനറി നേതാവും, വേദശാസ്ത്രജ്ഞനുമായ Dr. ജോൺ ആർ. സ്റേറാട്ട് രചിച്ച "Christian Mission in the Modern World'' ന്റെ മലയാളം പതിപ്പ് പ്രസിദ്ധീകരിക്കുന്നു. ലോകത്തിൽ വിവിധ ഭാഷകളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഗ്രന്ഥം പട്ടക്കാരും, സുവിശേഷ പ്രവർത്തകരും അവശ്യം വായിച്ചിരിക്കേണ്ട ഒരു നിസ്തുല്യ കൃതിയാണ്. പ്രേഷിത ദൗത്യം, സുവിശേഷവേല, സംവാദം, രക്ഷ, മാനസാന്തരം മുതലായ വിഷയങ്ങൾ സമഗ്രമായും സരളമായും ഇതിൽ പ്രതിപാദിച്ചിരിക്കുന്നു.

ക്രിസ്തീയ പ്രേഷിത ദൗത്യം

300 പേജ് Off-set Printing-Price Rs. 22/-

ഒരു കോപ്പി ഇപ്പോൾതന്നെ ബുക്കുചെയ്യുക.

നവംബർ 30—നകം പണം അടച്ചു ബുക്കു ചെയ്താൽ 50% ഡിസ്കൗണ്ട് ലഭിക്കും.

പ്രസാധകർ: മാനേജർ, സുവാർത്താഭവൻ, T. K. റോഡ്, തിരുവല്ലാ, കേരളാ—689101.

(വിശ്വാസം പഠിപ്പിക്കുന്നവർ) മാരുടെ പ്രവർത്തനവും സുവിശേഷത്തിന്റെ പ്രചരണത്തിന് സഹായിക്കുന്നു.

(3) പരമപ്രധാനമായ വസ്തുത അവിടെ പ്രവർത്തിക്കുന്ന മിഷ്യനറിമാർ സമ്പൂർണ്ണ സമർപ്പണത്തോടെ നിർവഹിക്കുന്ന സേവനവും അവരുടെ നിശ്ചയദാർഢ്യവുമാണ്. ഈ മിഷനറിമാരിൽ ചുരുക്കം പേരൊഴിച്ചാൽ മറ്റെല്ലാവരും കേരളത്തിൽ നിന്നുള്ളവരാണ്. അവരെപ്പററി ലേഖകൻ പറയുന്നതു കാണുക

'The current crop of missionaries in the North East is mostly from Kerala. They are a totally committed lot and have reached out into areas in Arunachal pradesh which have not seen a goverment official for decades. They tirelessly trck along dirt tracks for days on and just to reach remote tribal pockets to preach the faith and to render essential services like medical aid which is badly needed. This has touched many a tribal who feels that the religion cares for his innata needs. These missionaries make it clear they do so at great personal risk, after taking their identities; as they cannot enter otherwise'

പതിന്നാലു ദിവസങ്ങൾ തുടർച്ചയായി നടന്ന് വിദൂരസ്ഥലങ്ങളിൽ ഉള്ള പാവപ്പെട്ട വിശ്വാസികൾക്ക് ശുശ്രൂഷകൾ നടത്തിക്കൊടുക്കുന്ന ഫ്രാൻസിസ് അച്ചനെയും കാളവണ്ടിയിൽ സഞ്ചരിച്ച് സേവനശുശ്രൂഷകൾ നൽകുന്ന തലനരച്ച തോമസ് അച്ചനെയും ലേഖകൻ പരിചയപ്പെടുത്തുന്നുണ്ട്. അവരുടെ മിഷ്യൻ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട് ലേഖകൻ പറയുന്നു 1978 ലെ Arunachal pradesh freedom of religion Act മൂലം ഗവൺമെന്റ് ക്രിസ്ത്യൻ മിഷ്യനറിമാരെ പരിപൂർണ്ണമായും നിരോധിച്ചു എങ്കിലും ആ Act ഇന്നും പരിപൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്നു എന്ന്.

നിരോധന നിലവിലുള്ള അരുണാചൽപ്രദേശിലെ മിഷ്യൻ പ്രവർത്തനത്തെക്കുറിച്ചുമാത്രമാണ് മേൽ പ്രസ്താവിച്ചത്. ബാഹ്യകേരളത്തിലെ മറെറല്ലാ സ്റേററുകളിലും കേരളത്തിൽ നിന്നുള്ള മിഷ്യനറിമാരും അച്ചൻമാരും, ബ്രദേഴ്സും, കന്യാസ്ത്രീകളും—പ്രവർത്തിക്കുന്നണ്ട്. പ്രവർത്തകരിൽ കന്യാസ്ത്രീകളുടെ പങ്ക് എടുത്തു പറയേണ്ട വസ്തുതയാണ്. മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകം അവകാശപ്പെടുന്ന കേരളത്തിലെ സുറിയാനിക്കാരിൽ ഓരോ സഭാവിഭാഗത്തിനും ഭാരതത്തിൽ സുവിശേഷം എല്ലായിടത്തും എത്തിക്കുവാൻ ചുമതലയുണ്ടല്ലോ.

ഈ സഭാവിഭാഗങ്ങളിൽ സുപ്രധാനമായ ഒരു സ്ഥാനം മലങ്കര സഭയ്ക്കുണ്ടെന്നുള്ളത് അവിതർക്കിതമാണ്. എങ്കിലും മിഷ്യൻ പ്രവർത്തനരംഗത്ത് പ്രത്യേകിച്ചും ബാഹ്യകേരളത്തിൽ സഭയുടെ കർത്തവ്യം യഥാർഹം നിർവഹിക്കപ്പെടുന്നില്ലെന്നുള്ളത് ഒരു ദു:ഖ സത്യമാണ്. സഭാപ്രവർത്തനത്തിൽ പല രംഗങ്ങളിലും മുന്നേറാൻ കഴിഞ്ഞിട്ടുള്ള സഭയ്ക്ക് ഈ രംഗത്ത് എന്തുകൊണ്ട് വേണ്ടത്ര പ്രവർത്തിപ്പാൻ സാധിക്കാതെവരുന്നു എന്ന് മനസ്സിലാക്കാനും കഴിയേണ്ടതാണ്. തൽസംബന്ധമായി ചില ചിന്തകളും അഭിപ്രായങ്ങളും സഭാംഗങ്ങളുടെ പരിചിന്തനത്തിനായി സമർപ്പിക്കുന്നു.

(തുടരും)

MATRIMONIAL

Parents of a young, beautiful U. S. immigrant girl (Age 19 years, Hight 5 feet 6½ inches, weight 55 kgs) from an upper middle class respectable family from Kottayam District, now studying in 2nd year degree course in Kerala, invite matrimonial correspondence from Syrian Orthodox parents of smart and handsome boys aged between 22 to 25 years, preferably studied in English Medium and having degrees in Engineering from I. I. T or REC's P H D's, Master degrees in Accounts or in Science subjects.

NO DOWRY. Please reply with particulars and returnable photograph to - Box No. 141, Malankara Sabha, Kottayam-686 038.





## പരുമല തിരുമേനിയുടെ വാക്കുകൾ

(കരളലിവേറിടും താതാ........എന്ന രീതി)

ശൈശവകാലമഹോൽസാഹം
യൗവനകാലസമാധാനം
പ്രാർത്ഥനയിൽ ശരണപ്പെടുക
മാർ ഗ്രീഗോറിയോസ്സരുളി

പ്രാർത്ഥനയിൽ മുഴുകീടുക നീ
സ്വർഗ്ഗസ്ഥനുമായ് ചേരുക നീ

മനതാരിലെ ഇരുളൊഴിവാകാൻ
ശക്തി ദിനം പ്രതിയാർജ്ജിപ്പാൻ

നമ്മുടെ ഉന്നതലക്ഷ്യമതാം
മോക്ഷം രക്ഷയുമാർന്നീടാൻ
ഉത്തമമായൊരു മാർഗ്ഗമിതാ
പ്രാർത്ഥിപ്പിൻ വിശ്വാസത്തിൽ

നോമ്പു നമസ്കാരം ദാനം—
ധർമ്മമതും നീ പാലിക്ക
ഭക്തിയിൽ വിശ്വാസത്തിലുമേ
നീ യിവയെപ്പരിപാലിക്കാ.

അവസാനം നിൻ സമ്പാദ്യം—
സ്വർപ്പുര നിധിയായ്തീർന്നിടുവാൻ
അന്യരെ ദു:ഖിതരാക്കാതെ
ചെയ്യുക സുകൃതം നീ നിത്യം.

**—ഡീക്കൻ കെ. ജി. അലക്സാണ്ടർ**

# സഭാ വാർത്തകൾ

## സ്ഥാനാരോഹണ വാർഷികം ആഘോഷിച്ചു

പ. കാതോലിക്കാബാവാ തിരുമനസ്സിലെ 13—ാം സ്ഥാനാരോഹണ വാർഷികം ഒക്ടോബർ 27—ാം തീയതി ആഘോഷിച്ചു. അന്നേ ദിവസം രാവിലെ കോട്ടയം കുരിശുപള്ളിയിൽ പ. ബാവാ തിരുമനസിലെ സന്നിദ്ധ്യത്തിൽ തോമസ് മാർ തീമൊത്തിയോസ് തിരുമേനി വി. കുർബാന അർപ്പിച്ചു. തുടർന്നു ചേർന്ന അനുമോദന സമ്മേളനം നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് തിരുമേനി ഉത്ഘാടനം ചെയ്തു. തോമസ് മാർ തീമോത്തിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. തോമസ് മാർ അത്താനാസ്യോസ്, ഗീവറുഗീസ് മാർ ഈവാനിയോസ് എന്നീ തിരുമേനിമാരും ഫാ. ററി. ജെ. ജോഷ്വാ, സഭാ സെക്രട്ടറി പോലോ മത്തായി, മാത്യു ശങ്കരത്തിൽ എന്നിവരും പ്രസംഗിച്ചു. ഫാ. ഇ. ജെ. ഏബ്രഹാം രചിച്ച 'പരുമല കൊച്ചുതിരുമേനി' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം ഒരു കോപ്പി റമ്പാൻ തെയോഫോറോസ് കോർ—എപ്പിസ്ക്കോപ്പാ നൽകികൊണ്ട് പ. ബാവാ നിർവ്വഹിച്ചു. 'ഞാൻ ആകുന്നത് ദൈവകൃപയാൽ ആകുന്നു. ദൈവം എന്നെ ഏല്പിച്ച അത്യുന്നത പൗരോഹിത്യ ശുശ്രൂഷ കുററം കൂടാതെ നിർവഹിക്കുവാൻ എപ്പോഴും ഞാൻ ജാഗരൂകനായിരുന്നു. ദൈവകൃപയിൽ ഞാൻ ശരണപ്പെടുന്നു' മറുപടി പ്രസംഗത്തിൽ കാതോലിക്കാ ബാവാ പറഞ്ഞു. ഇ. ജെ. തോമസ് കോർ—എപ്പിസ്ക്കോപ്പാ സ്വാഗതവും ഫാ. സി. ജെ. പുന്നൂസ് കൃതജ്ഞതയും പറഞ്ഞു.

## ദേവലോകം അരമനയിൽ

ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ദേവലോകം കാതോലിക്കേററ് അരമനയിൽ നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടിയ യോഗവും പ. ബാവാ തിരുമേനിക്ക് ആശംസകൾ അർപ്പിച്ചു. പീലിപ്പോസ് മാർ യൗസേബിയോസ് എപ്പിസ്ക്കോപ്പാ, സി. വി. ജോർജ് കോർ—എപ്പിസ്ക്കോപ്പാ, തോമസ് കുതിരവട്ടം എ. പി., പി. എസ്. ഡി. മെമ്പർ എ. കെ. തോമസ് എന്നിവർ പ്രസംഗിച്ചു. സഭാട്രസ്ററി പി. സി. ഏബ്രഹാം സ്വാഗതവും സെക്രട്ടറി പോലോ മത്തായി കൃതജ്ഞതയും പറഞ്ഞു.

## മെത്രാസന സെക്രട്ടറി

തിരുവനന്തപുരം മെത്രാസനസെക്രട്ടറി ഫാ. സ്റ്റീഫൻ വൈരമൺ ഉള്ളൂരുള്ള ഭദ്രാസന അരമനയിലേക്കു താമസം മാററിയിരിക്കുന്നു. ഭദ്രാസന ഓഫീസിന്റെ മേൽവിലാസം Diocesan Office Orthodox Church Centre, Ulloor, Medical College P. O. Trivandrum–11 എന്നായിരിക്കും

## രജതജൂബിലി

മദ്രാസ്: താമ്പരം മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയുടെ രജത ജൂബിലി ആഘോഷിച്ചു. തമിഴ്നാട് ഗവർണർ ഡോ. പി. സി. അലക്സാണ്ടർ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു.

മദ്രാസ് ഭദ്രാസനാധിപൻ സഖറിയാസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു.

ജൂബിലി സ്മാരകമായി 'Help to needy' പദ്ധതി പ്രകാരം ഇടവകാംഗങ്ങൾ ഒരു സാധുവിനു നിർമ്മിച്ചു നൽകിയ വീടിന്റെ താക്കോൽ ദാനം ഗവർണർ നിർവഹിച്ചു. കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സഹായധനം ഗവർണറുടെ പത്നി അക്കാമ്മ അലക്സാണ്ടർ വിതരണം ചെയ്തു.

സാധുക്കൾക്ക് ഭവനദാനം, വിവാഹം, വിദ്യാഭ്യാസം, ചികിത്സ തുടങ്ങിയവയ്ക്ക് ധനസഹായ വിതരണം എന്നിവയാണ് നാലു മാസം മുമ്പ് ആവിഷ്ക്കരിച്ച 'Help to needy' പദ്ധതിയുടെ ലക്ഷ്യങ്ങൾ.

### പൊറുത്തൂക്കാരൻ ഫാ. പി. വി. ജേക്കബ്



കൽദായ സഭയിൽ ഒരു പ്രമുഖ പട്ടക്കാരനായിരുന്ന ഫാ. പി. വി. ജേക്കബ് 1962–ൽ ഓർത്തഡോക്സ് സഭാ വിശ്വാസം സ്വീകരിച്ചു. പ. ഗീവർഗീസ് ദ്വിതിയൻ കാതോലിക്കാബാവ ബ. അച്ചനെയും കുടുംബത്തെയും ഓർത്തഡോക്സ് സഭയിൽ ചേർത്തു. തുടർന്ന് തൃശൂർ, ചവറാംപാടം, വട്ടുള്ളി, അരിപ്പാലം, പീച്ചി, കുന്നംകുളം, പഴഞ്ഞി തുടങ്ങിയ പള്ളികളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹം 1988 സെപ്റ്റംബർ 10–ാം തീയതി നിര്യാതനായി. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ ശവസംസ്ക്കാരം നടത്തി. പൗലൂസ് മാർ മിലിത്തിയോസ് തിരുമേനിയും കൽദായ സഭയുടെ മാർ അപ്രേം മാർ തീമോത്തിയോസ് എന്നീ തിരുമേനിമാരും മൃതദേഹം സന്ദർശിച്ച് പ്രാർത്ഥനകൾ നടത്തി.

Advt.



ഭദ്രാസനാധിപനും, ഗവർണർക്കും ഗവർണറുടെ പത്നിക്കും യഥാക്രമം എം. സി. തോമസ് പള്ളി സെക്രട്ടറി ടി. വി. കോശി, തങ്കമ്മ ജോർജ് എന്നിവർ ജൂബിലി മെമന്റോകൾ സമ്മാനിച്ചു. ടി. എസ്. ജോൺ ജൂബിലി സ്മാരക ഫലകം അനാവരണം ചെയ്തു.

പള്ളിവികാരി ഫാ. ഫിലിപ്പ് ചെമ്പോത്ര സ്വാഗതവും സി. ജെ. സാമുവേൽ കൃതജ്ഞതയും പറഞ്ഞു.

ചടങ്ങിനെത്തിയ വിശിഷ്ടാതിഥികളെ ട്രസ്ററി സി. എസ്. തോമസ്, ജോർജ് ജോൺ, ജൂബിലി ആഘോഷക്കമ്മിററി കൺവീനർ ഐ ജോർജ്, ആനി ഫിലിപ്പ് എന്നിവർ ഹാരാർപ്പണം ചെയ്തു സ്വീകരിച്ചു.

## ഫാ. ഏലിയാസ് കൊച്ചീമൂലയിൽ



പുതുപ്പള്ളി സെ. ജോർജ് പള്ളിവികാരി ഫാ. കെ. എം. ഏലിയാസ് (85) ഒക്ടോബർ 11–ാം തീയതി നിര്യാതനായി. ശവസംസ്ക്കാരം പ. ബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും ഭദ്രാസനാധിപൻ മാർ ഈവാനിയോസ് തിരുമനസ്സിലെ സഹകരണത്തിലും 12–ാം തീയതി പുതുപ്പള്ളിപള്ളി സെമിത്തേരിയിൽ നടത്തി. കൊല്ലാട്ട് പരേതന്റെ ഭവനത്തിൽ നിന്ന് പുതുപ്പള്ളിയിലേക്കുള്ള വിലാപയാത്രാ മദ്ധ്യേ മൃതദേഹം കൊല്ലാടു സെ. പോൾസ് പള്ളിയിൽ വച്ച് പ്രത്യേക പ്രാർത്ഥനകൾ നടത്തി.

## മർത്തമറിയം സമാജം ഏകദിന സമ്മേളനം

അമേരിക്കയിലെ, ന്യൂയോർക്ക്, ന്യൂജേഴ്സി, ഫിലഡെൽഫിയ എന്നീ സ്റേററുകളിലുള്ള മർത്തമറിയം സമാജംഗങ്ങളുടെ വാർഷിക സമ്മേളനം ക്യൂൻസിലെ സെ. ഗ്രീഗോറിയോസ് ഇടവകയിൽ നടത്തുകയുണ്ടായി. സമ്മേളനത്തിൽ തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ മാത്യൂസ് മാർ എപ്പിഫാനിയോസ് എപ്പിസ്ക്കോപ്പാ എന്നിവർ നേതൃത്വം നൽകി.

ഏതാണ്ട് 200–ൽ പരം സ്ത്രീകൾ സംബന്ധിച്ചിരുന്ന പ്രസ്തുത സമ്മേളനം അമേരിക്കൻ ഭദ്രാസനത്തിൽ സ്ത്രീകളുടേതായി നടത്തപ്പെട്ട ഏററവും വലിയ സമ്മേളനമായിരുന്നു.

'സഭയിൽ സ്ത്രീകൾക്കുള്ള സ്ഥാനം' എന്നതായിരുന്നു കോൺഫറൻസിലെ ചർച്ചാവിഷയം.

ക്യൂൻസ് പള്ളിവികാരി ഫാ. ജേക്കബ് ഫിലിപ്പ് പ്രസിഡണ്ടായുള്ള ഒരു കമ്മററി മർത്തമറിയം സമാജത്തിന്റെ ഭാവി പ്രവർത്തനങ്ങൾക്കായി രൂപീകരിക്കപ്പെട്ടു.

ഈ കോൺഫറൻസിന്റെ സർവ ചെലവുകളും വഹിച്ചത് ക്യൂൻസ് ഇടവകയാണെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

## അമേരിക്കയിലെ ഓറിയൻറൽ ഓർത്തഡോക്സ് സഭകൾ സഹകരണത്തിന്റെ പാതയിൽ

ഏതാനും ആഴ്ചകൾക്കു മുൻപ്, ന്യൂയോർക്കിലെ അർമീനിയൻ ഓർത്തഡോക്സ് സെമിനാരിയിൽ സമ്മേളിച്ച ഓറിയൻറൽ ഓർത്തഡോക്സ് സഭാനേതാക്കന്മാരുടെ സമ്മേളനം, ഇരു സഭകൾ തമ്മിൽ കൂടുതൽ ഐക്യത്തിലും, സഹകരണത്തിലും, പ്രവർത്തിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുത്തിരിക്കുന്നു. ഇവിടെ വളർന്നുവരുന്ന രണ്ടാമത്തെ തലമുറയിലെ കുഞ്ഞുങ്ങളെ ഓർത്തഡോക്സ് വിശ്വാസത്തിലും പാരമ്പര്യത്തിലും ഉറപ്പിച്ചു നിർത്തുന്നതിനാവശ്യമായ വിവിധ പരിപാടികളെക്കുറിച്ച് യോഗം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. നമ്മുടെ യുവതലമുറയെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളായി യോഗം അംഗീകരിച്ച ചില കാര്യങ്ങൾ താഴെ ചേർക്കുന്നു:—

1. പാശ്ചാത്യ സംസ്കാരത്തിന്റെ നടുവിൽ നമ്മുടെ പൗരസ്ത്യ സംസ്കാരം കുഞ്ഞുങ്ങളിൽ എങ്ങനെ നിലനിർത്തുവാൻ സാധിക്കും.

2. സ്ത്രീകളുടെ പൗരോഹിത്യം പോലെ ഓർത്തഡോക്സ് സഭകൾക്ക് സഹകരിക്കുവാൻ നിവൃത്തിയില്ലാത്ത അഭിനവ ചിന്താഗതികളുടെ നടുവിൽ നമ്മുടെ കുഞ്ഞുങ്ങളെ എങ്ങനെ ഓർത്തഡോക്സ് പാതയിൽ നിലനിർത്തുവാൻ കഴിയും.

3. ശാസ്ത്രത്തിന്റെ കുതിച്ചു കയററത്തിന്റെ ഫലമായി അതിവേഗം പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിൽ വേദപുസ്തക സത്യങ്ങളെ എങ്ങനെ ഉറപ്പിച്ചു നിർത്തുവാൻ കഴിയും.

4. കുടുംബബന്ധങ്ങൾ അതിവേഗം ശിഥിലമായിക്കൊണ്ടിരിക്കുന്ന ചുററുപാടിൽ നമ്മുടെ സമൂഹത്തിൽ കുടുംബജീവിതത്തിന്റെ ഭദ്രതയും പവിത്രതയും നിലനിർത്തുക.

ഇന്നത്തെ അമേരിക്കയിലെ സാഹചര്യത്തിലും, പാശ്ചാത്യ സംസ്കാരത്തിന്റെ നടുവിലും, പൗരസ്ത്യ സംസ്കാരങ്ങളും. പാരമ്പര്യങ്ങളും നിലനിർത്തുക എന്ന ഭാരിച്ച ചുമതലയാണ് ഓർത്തഡോക്സ് സഭകൾക്ക് നിർവഹിക്കുവാനുള്ളതെന്ന് തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ അനുസ്മരിപ്പിച്ചു.

അർമ്മീനിയൻ ഓർത്തഡോക്സു സഭയിലെ റിട്ടയാർഡ് ബിഷപ്പ് ടിറാൻ നിസാന്റെ സാന്നിദ്ധ്യവും യുവസഹജമായ പ്രസരിപ്പോടു കൂടിയുള്ള അദ്ദേഹത്തിന്റെ നേതൃത്വവും സമ്മേളനത്തിന് ഉത്തേജനം പകർന്നുകൊടുത്തു. ഈ സമ്മേളനങ്ങൾ മുടങ്ങാതെ നടത്തിക്കൊണ്ടുപോകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ഏതാനും വർഷങ്ങൾക്കുമുൻപ് ഓറിയന്റൽ ഓർത്തഡോക്സു സഭകളുടെ ചില സമ്മേളനങ്ങൾ വിളിച്ചു കൂട്ടിയെങ്കിലും അത് പിന്നീട് സജീവമായി പ്രവർത്തിക്കുവാൻ സാധിക്കാതെ പോയ കാര്യം അദ്ദേഹം അനുസ്മരിച്ചു.


ഏതാനും മാസങ്ങൾക്ക് മുൻപ് അഞ്ചു സഭകളെയും സംയോജിപ്പിച്ചുകൊണ്ടു റോക്കുലാന്റിലെ നമ്മുടെ സെ. പീറേറഴ്സ് & സെ. പോൾസ് പള്ളിയിൽവച്ചു നടത്തിയ സമ്മേളനമാണ് ഈ പ്രസ്ഥാനത്തിനു വീണ്ടും ആരംഭം കുറിച്ചത്.

അടുത്ത മധ്യവേനൽ അവധിക്കാലത്ത് 5 സഭകളിലേയും വിദ്യാർത്ഥികളുടെ ഒരു കോൺഫറൻസ് നടത്തണമെന്ന് തീരുമാനിച്ചു.

ഏതെങ്കിലും സ്ഥലത്ത് ഒരു സഭയ്ക്ക് ഇടവകകളില്ലെങ്കിൽ അവിടുത്തെആളുകൾ പ്രൊട്ടസ്ററന്റു സഭകളിലെ ദേവാലയങ്ങളിൽ സംബന്ധിയ്ക്കാതെ, ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ ആ സ്ഥലത്തുള്ള ഒരു ദേവാലയത്തിൽ ആരാധനയിൽ സംബന്ധിയ്ക്കത്തക്കവണ്ണം വേണ്ട നേതൃത്വം കൊടുക്കണമെന്നും സമ്മേളനം തീരുമാനിച്ചു.

ഇന്ത്യൻ ഓർത്തഡോക്സു സഭയിൽനിന്നു. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ റവ. ഡോ. കെ. സി. മാത്യു എന്നിവർ ഈ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു.

## 85-ാം വയസിലേക്ക്



1988 സെപ്ററംബർ 30-ാം തീയതി 85-ാം വയസ്സിലേക്ക് പ്രവേശിച്ച മൈലപ്ര മാർ കുറിയാക്കോസ് ആശ്രമസുപ്പീരിയർ വ. ദി. ശ്രീ. പി. ഐ. മത്യൂസ് റമ്പാൻ (അട്ടച്ചാക്കൽ റമ്പാച്ചൻ)

## കോൺഫ്രൻസ്

യുവജനപ്രസ്ഥാനം കുന്നംകുളം മെത്രാസന വാർഷിക കോൺഫറൻസ് ഒക്ടോബർ 16-ാം തീയതി ചേലക്കര ഗ്രേയ്സ് സെൻട്രൽ സ്കൂളിൽ പൗലോസ് മാർ മിലിത്തിയോസ് തിരുമേനി ഉൽഘാടനം ചെയ്തു.

ഫാ. ജോബ്, പ്രൊഫ. കെ. എം. കുറിയാക്കോസ് എന്നിവർ ക്ളാസ്സെടുത്തു. സമാപന സമ്മേളനത്തിൽ അഭിവന്ദ്യ മിലിത്തിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. ഡോ. മാർ അപ്രേം മെത്രാപ്പോലീത്താ സമ്മേളനം ഉൽഘാടനം ചെയ്തു. ഡീക്കൻ ഒ. പി. വറുഗീസ്, ഡോ. എം. ഏ. കുട്ടപ്പൻ എം. എൽ. ഏ., പി. വി. ജേമസ്, ഈ വേണുഗോപാലമേനോൻ, ഡോ. വി. വി. വറുതപ്പൻ, ശ്രീമതി അമ്മിണി കുര്യൻ എന്നിവർ പ്രസംഗിച്ചു.



## ഉന്നതവ്യക്തികൾ സാമൂഹ്യ പുരോഗതിക്ക് ആവശ്യം.

പ. ബാവാ.

സമൂഹത്തിന്റെ പുരോഗതിക്കും വളർച്ചയ്ക്കും സ്വഭാവശുദ്ധിയുള്ള ഉന്നതരായ വ്യക്തികൾ ആവശ്യമുണ്ടെന്നും, അത്തരം വ്യക്തികളുടെ അഭാവത്താൽ സഭയും സമൂഹവും വളരെ പ്രയാസപ്പെടുന്നുണ്ടെന്നും, ഇന്നത്തെ കുട്ടികൾ സ്വഭാവശുദ്ധിയോടെ വളർന്നുവന്ന് ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേർന്ന് സമൂഹത്തെ നേരായ പാതയിലൂടെ നയിക്കുന്നവരായിത്തീരണമെന്നും പ. കാതോലിക്കാബാവാ ആഹ്വാനം ചെയ്തു.

വിദ്യാർത്ഥിപ്രസ്ഥാനം ഹൈസ്കൂൾ വിഭാഗത്തിന്റെ 10-ാമതു വാർഷിക കോൺഫറൻസിനോടനുബന്ധിച്ച് വാകത്താനം സെ. ഗ്രീഗോറിയോസ് പള്ളിയിൽ നടത്തപ്പെട്ട ശേബ്ദി സമ്മേളനം ഉത്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിക്കുകയായിരുന്നു പ. ബാവാ.

ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷം വഹിച്ചു. ഗീവറുഗീസ് മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ, പൗലോസ് മാർ മിലിത്തിയോസ് എപ്പിസ്ക്കോപ്പാ, റമ്പാൻ തെയോഫോറസ് കോർ-എപ്പിസ്ക്കോപ്പ, കോട്ടയം ജില്ലാ കലക്ടർ അൽഫോൻസ് കണ്ണന്താനം എന്നിവർ പ്രസംഗിച്ചു. ഫാ. ഫിലിപ്പ് സ്വാഗതവും, ഫാ. തോമസ് കുര്യൻ കൃതജ്ഞതയും പറഞ്ഞു.

18-ാം തീയതി വൈകുന്നേരം ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ കോൺഫറൻസ് ഉത്ഘാടനം ചെയ്തു. ഗീവറുഗീസ് മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ അദ്ധ്യക്ഷം വഹിച്ചു ദീപിക മാനേജിംഗ് എഡിററർ ഫാ. തോമസ് ഐക്കര, സി. വി. ജോർജ് കോർ-എപ്പിസ്ക്കോപ്പ, പ്രൊഫ. കെ. എം. കുറിയാക്കോസ് എന്നിവർ പ്രസംഗിച്ചു. തുടർന്നു നടന്ന ധ്യാനത്തിന് റവ. ഫാ. മാത്യു വൈദ്യൻ നേതൃത്വം നൽകി. ഫാ. ജോബ് ഒ. ഐ. സി., ഫാ. ഫിലിപ്പ് മാത്യു, ഫാ. മത്തായി ഒ. ഐ. സി., ഫാ. ഒ. തോമസ്, ഡീക്കൻ എം. സി. ചെറിയാൻ, ഫാ. സി. ഒ. വറുഗീസ് പ്രൊഫ. പി. സി. ഏലിയാസ് എന്നിവർ ക്ളാസുകൾ എടുത്തു.

ഈ വർഷത്തെ മാസ്ററർ എം. ജി. ഓ. സി. എസ്. എം. ആയി ഈപ്പൻ പി. ഏബ്രഹാമിനേയും (നിരണം) കുമാരി എം. ജി. ഒ. സി. എസ്. എം. ആയി മമത വറുഗീസ് (പത്തനാപുരം) നേയും തെരഞ്ഞെടുത്തു. പുതുശ്ശേരി എം. ജി. ഡി. എം. ഹൈസ്ക്കൂളിന് ഏററവും നല്ല യൂണിററിനുള്ള യൂഹാനോൻ മാർ അത്താനാസിയോസ് എവർറോളിംഗ് ഷീൽഡും നൽകി.

## ചർച്ച് ക്വിസ്-1988

വാകത്താനം വള്ളിക്കാട്ട് ദയറായിൽ കബറടങ്ങിയിരിക്കുന്ന പ. ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവായുടെ 60-ാം ഓർമ്മപെരുനാളിനോടനുബന്ധിച്ച് ഡിസംബർ 11 ഞായറാഴ്ച പകൽ $11\frac{1}{2}$ മണിക്ക് ചർച്ച് ക്വിസ് 1988' എന്ന പേരിൽ ഒരു പ്രശ്നോത്തര മത്സരം നടത്തുന്നു. ബൈബിൾ, സഭാചരിത്രം ആരാധനാക്രമങ്ങൾ, ദൈവശാസ്ത്രം, സാഹിത്യം, ചരിത്രം, സ്പോർട്ട്സ്, സമകാലീന സംഭവങ്ങൾ തുടങ്ങിയവയിലുള്ള പൊതുവിജ്ഞാനം പരീക്ഷിക്കുന്ന ഈ മത്സരത്തിൽ 21 വയസ്സിൽ താഴെയുള്ള ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് പങ്കെടുക്കാം. ഒന്നും രണ്ടും മൂന്നും സമ്മാ

പാവന സ്മരണയ്ക്ക്
25-ാം ചരമ വാർഷികം
18-11-1988



റവ. ഫാ. സഖറിയ
കാഞ്ഞിരക്കാട്ട്, അടൂർ
Inserted by:
John Kanjirakkattu & Family
Bahrain.

നങ്ങൾ നേടുന്നവർക്ക് യഥാക്രമം അഞ്ഞൂറ്, ഇരുനൂറ്, നൂറ് രൂപയുടെ കാഷ് അവാർഡുകളും ആകർഷകങ്ങളായ ബഹുമതി പത്രങ്ങളും സമ്മാനിക്കും. പങ്കെടുക്കുന്നതിനുള്ള അപേക്ഷകൾ (ജനനത്തീയതി സഹിതം) മാനേജർ, വള്ളിക്കാട്ടു ദയറാ, പുത്തൻചന്ത പി. ഓ. വാകത്താനം എന്ന വിലാസത്തിൽ ഡിസംബർ 10–നകം ലഭിച്ചിരിക്കണം. മത്സരം സംബന്ധിച്ച വിശദമായ നിബന്ധനകൾ ആവശ്യമായവർ സ്വന്തം മേൽവിലാസമെഴുതി 60 പൈസ സ്റ്റാമ്പൊട്ടിച്ച കവറുകൾ അയയ്ക്കുക. മത്സരത്തിൽ വിജയികളാകുന്നവർക്ക് പ. ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവായുടെ ഓർമ്മപ്പെരുന്നാൾ ദിവസം (1988 ഡിസംബർ 17 ശനി) പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് സമ്മാനങ്ങൾ നൽകുന്നതാണ്.

## അദ്ധ്യാപക സെമിനാർ

കായംകുളം ഡിസ്ട്രിക്റ്റ് സണ്ടേസ്കൂൾ അദ്ധ്യാപക സെമിനാർ ഒക്ടോബർ 23–ാം തീയതി കാരാഴ്മ സെ. മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു. വികാരി പ്രൊഫ. ഫാ. കോശി ചാക്കോ നേതൃത്വം വഹിച്ചു. മാമ്മൻ അലക്സ് മോഡൽ ക്ളാസും, സി. സി. ജോർജ് അദ്ധ്യാപകർക്കുള്ള ക്ളാസും എടുത്തു. പൊതുസമ്മേളനത്തിൽ പ്രൊഫ. ഫാ. കോശി ചാക്കോ അദ്ധ്യക്ഷത വഹിച്ചു. സൺഡേസ്കൂൾ പബ്ളിക്കേഷൻ ഓഫീസർ ഫാ. റ്റി. ജി. സഖറിയ സമ്മേളനം ഉൽഘാടനം ചെയ്തു. പി. സി. അലക്സാണ്ടർ സ്വാഗതവും സി. സി. ജോർജ് കൃതജ്ഞതയും പറഞ്ഞു.

## നിരണം ഭദ്രാസനം

നിരണം ഭദ്രാസന സൺഡേസ്കൂൾ അദ്ധ്യാപക പരിശീലന ക്ളാസ് ഒക്ടോബർ 19, 20 തീയതികളിൽ തിരുവല്ലാ എം. ജി. എം. ഹൈസ്കൂളിൽ നടത്തി. റവ. ഡോ. എം. ഏ. മത്തായി ഫാ. ഒ. തോമസ്, ഫാ. മത്യു വൈദ്യൻ, ഡീക്കൻ രവി ജെ. മാത്യൂസ് എന്നിവർ ക്ളാസ്സെടുത്തു. സി. വി. ജോർജ് കോർ–എപ്പിസ്കോപ്പാ ഉൽഘാടനം ചെയ്തു.

## കുണ്ടറ

കുണ്ടറ ഡിസ്ട്രിക്ട് സൺഡേസ്കൂൾ അദ്ധ്യാപക സെമിനാർ ഒക്ടോബർ 16–ാം തീയതി ചെറുവള്ളൂർ സെ. ജോർജ് ട്രെയിനിംഗ് സ്കൂളിൽവച്ച് നടത്തി. രാവിലെ വികാരി വി. കുർബാന അർപ്പിച്ചു.

## ഓർമ്മദിനം

പരിശുദ്ധ ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവായുടെ ഓർമ്മ ഡിസംബർ 7, 8 തീയതികളിൽ ദേവലോകം അരമന ചാപ്പലിലും മാർ തോമാ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ ഡിസംബർ 2, 3 തീയതികളിൽ പത്തനാപുരം താബോർ ദയറായിലും കൊണ്ടാടുന്നതാണ്.

## വൈദികയോഗം

കോട്ടയം സെൻട്രൽ ഭദ്രാസന വൈദികയോഗം ഒക്ടോബർ 26–ാം തീയതി പുത്തനങ്ങാടി കുരിശുപള്ളിയിൽ വച്ചു നടത്തി. പ. കാതോലിക്കാബാവാ അദ്ധ്യക്ഷത വഹിച്ചു. റവ. ഡോ. എം. ഏ. മത്തായി ക്ലാസെടുത്തു. നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ്, തോമസ് മാർ തീമോത്തിയോസ് എന്നീ തിരുമേനിമാരും സംബന്ധിച്ചു. 27–ാം തീയതി 13–ാം സ്ഥാനാഭിഷേക വാർഷികം ആഘോഷിക്കുന്ന പ. ബാവാ തിരുമേനിക്ക് വൈദികരുടേതായ അനുമോദനങ്ങൾ ഫാ. സി. ഒ. ജോർജ് അർപ്പിച്ചു. വൈദിക സെക്രട്ടറി ഫാ. പുന്നൂസ് സ്വാഗതവും തേയോഫോറോസ് റമ്പാൻ കോറെപ്പിസ്കോപ്പാ കൃതജ്ഞതയും പറഞ്ഞു


## കുരിശിൻതൊട്ടി കൂദാശ

നെല്ലിക്കുന്നം മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി പെരുന്നാളിനോടനുബന്ധിച്ച് പുതുതായി പണികഴിപ്പിച്ച കുരിശിൻതൊട്ടിയുടെ കൂദാശ ഗീവർഗീസ് മാർ ദീയസ്കോറോസ് തിരുമേനി നിർവഹിച്ചു.

## എ. ഇ. ബി. വിംഗ്

നമ്മുടെ സഭയിൽ വിവിധ മെത്രാസനങ്ങളിലും പള്ളികളുടേയും മററു സ്ഥാപനങ്ങളുടേയും നിർമ്മാണ–വികസന പദ്ധതികൾ ധാരാളമായി ശരിയായ സാങ്കേതിക വിദഗ്ദോപദേശത്തോടും ലാഭകരമായും നടക്കേണ്ടതായിട്ടുണ്ടെന്ന് അറിയുന്നു. ഈ കാര്യങ്ങളിൽ ആവശ്യമായ സാങ്കേതികസഹായം/സാങ്കേതിക മേൽനോട്ടം നടത്തുവാൻ വിദഗ്ദരായ സിവിൽ എൻജിനീയറിംഗ് ബിരുദധാരികളുടെ സേവനം ആവശ്യമുള്ള പള്ളികൾ / സ്ഥാപനങ്ങൾ, അതിലേക്ക് ശ്രീ. എ. എം. മാത്യു, ഡയറക്ടർ A.E.B. Wing, എം. ഡി. സെമ്മിനാരി, കോട്ടയം–1 എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.





നാലു ലക്ഷം രൂപാ ചെലവാക്കി ചണ്ടിഗഡിൽ പണികഴിപ്പിച്ച സെ. മേരീസ് ദേവാലയം. ഇതിന്റെ കൂദാശ പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.

## സുവിശേഷസംഘം

സുവിശേഷസംഘത്തിന്റെ തിരുവനന്തപുരം ഭദ്രാസനയോഗം ചാത്തന്നൂർ സെ. ജോർജ് പള്ളിയിൽ വച്ച് ഗീവർഗീസ് മാർ ദീയസ്ക്കോറോസ് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് എന്നീ മെത്രാപ്പോലീത്തൻമാരുടെ നേതൃത്വത്തിൽ ഒക്ടോബർ 7, 8 തീയതികളിൽ നടത്തി. 7–ാം തീയതി വൈകിട്ട് ചാത്തന്നൂർ ജംഗ്ഷനിൽ വച്ച് നടത്തിയ പരസ്യയോഗത്തിൽ ഒസ്താത്തിയോസ് തിരുമേനി, വി. വർഗീസ്, മാത്യു തോമസ്, റ്റി. ജെ. അലക്സാണ്ടർ എന്നിവർ പ്രസംഗിച്ചു. 8–ാം തീയതി രാവിലെ ഒസ്താത്തിയോസ് തിരുമേനി വി. കുർബാനയും ബൈബിൾ ക്ളാസും നടത്തി. വി. വർഗീസ് ക്ളാസ് എടുത്തു. പൊതുസമ്മേളനത്തിൽ ദീയസ്ക്കോറോസ് തിരുമേനി, ഒസ്താത്തിയോസ് തിരുമേനി, ഫാ. സ്റ്റീഫൻ വൈരമൺ, ഫാ. ജോസഫ് സാമുവേൽ, ശ്രീ. റ്റി. ജെ. അലക്സാണ്ടർ, മിസ്സ് മഹിളാമ്മ ജേക്കബ് എന്നിവർ പ്രസംഗിച്ചു. ഫാ. ജോൺ ഡാനിയേൽ സ്വാഗതവും, കെ. ജോർജ് കൃതജ്ഞതയും പറഞ്ഞു.

റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ചെങ്ങമനാട് ബേത്‌ലഹേം ആശ്രമത്തിലെ അംഗങ്ങളായ ഫാ. പി.കെ. സോളമൻ, ഫാ. പി. എം. ജോർജ് എന്നിവർക്ക് യോഗത്തിൽ വച്ച് സ്വീകരണവും നൽകി.

## സ്വീകരണം നൽകി

റമ്പാൻ സ്ഥാനം ലഭിച്ച ദിവ്യശ്രീ. സോളമൻ റമ്പാൻ, ദിവ്യശ്രീ. ഗീവർഗീസ് റമ്പാൻ എന്നിവർക്കു പട്ടാഴി ഓർത്തഡോക്സ് സഭാ സമിതിയുടെ ആഭിമുഖ്യത്തിൽ കാൽവറി ആശ്രമ ശ്രൂണിൽവച്ച് സ്വീകരണം നൽകി. തുടർന്ന് ഫാ. ജോർജിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അനുമോദനയോഗം റിട്ട. ജഡ്ജ് ശ്രീ. കെ. കോരുത് ഉത്ഘാടനം ചെയ്തു. ഫാ. എസ്. കെ. ജോൺ, ഫാ. ജോൺ സി. വറുഗീസ്, ഫാ. ജേക്കബ് കീഴക്കുംകര, ഫാ. തോമസ് കൈപ്പടയ്ക്കൽ, കെ. എം. ജോൺ, ജോൺ ഏബ്രഹാം എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. എൻ. ചെറിയാൻ സ്വാഗതവും ജി. യോഹന്നാൻ കൃതജ്ഞതയും പറഞ്ഞു.

## തെസേ അന്തർദ്ദേശീയ സമ്മേളനം മദ്രാസിൽ

ലോകപ്രശസ്ത ഓർത്തഡോക്സ് സന്ന്യാസസമൂഹമായ 'തെസേ'യുടെ അന്തർദ്ദേശീയ സമ്മേളനം 1983 ഡിസംബർ 27 മുതൽ 31 വരെ മദ്രാസിൽ നടക്കും. മദ്രാസിലെ ലയോള കോളജിൽ വച്ചു നടക്കുന്ന സമ്മേളനത്തിന്റെ മുഖ്യ ചിന്താവിഷയം 'ആന്തരിക ജീവനും മാനവ ഐക്യവും' എന്നതാണ്. പതിനേഴു വയസിനും മുപ്പത്തഞ്ചു വയസിനും ഇടയ്ക്കുള്ള യുവജനങ്ങൾക്ക് പങ്കെടുക്കാം. അറുപതുരൂപയാണ് ക്ഷേണച്ചെലവ്. താല്പര്യമുള്ളവർക്ക്, TAIZD-INJDRCONTINENTAL MEETING, NUNG–AMBAKKAM P. O. Box 6076, MADRAS 600 034 എന്ന വിലാസത്തിൽ അപേക്ഷാഫാറം ലഭിക്കും. മലങ്കരസഭ ചീഫ് എഡിറററിൽ നിന്നും, അപേക്ഷാഫോറത്തിന്റെ മാതൃക ലഭിക്കുന്നതാണ്.

## ത്രൈവാർഷിക അസംബ്ളി

കേരളത്തിലെ കത്തോലിക്കേതര ക്രൈസ്തവസമൂഹങ്ങളുടെ എക്യൂമെനിക്കൽ വേദിയായ കേരളാകൗൺസിൽ ഓഫ് ചർച്ചസിന്റെ (കെ. എ. സി. സി.) ത്രൈവാർഷിക അസംബ്ളി ഡിസംബർ 28, 29 തീയതികളിൽ മാവേലിക്കരവച്ച് നടക്കുന്നതാണ്.

## വൈദീകപട്ടം നൽകി

കൂത്താട്ടുകുളം കരിമ്പാന വടക്കേമുട്ടപ്പള്ളിൽ വി. എം. ജോണിന്റെ മകൻ ഡീക്കൻ ജോൺ വി. ജോണിന് ഒക്ടോബർ 22–ം തീയതി പാമ്പാക്കുട ചെറിയപള്ളിയിൽ വച്ച് ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ വൈദീപട്ടം നൽകി.

## സിമ്പോസിയം നടത്തി

കോട്ടയം:– ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി–തിയോളജിക്കൽ അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ 'സഭയും ആരാധനാ ജീവിതവും' എന്ന വിഷയത്തിൽ സിമ്പോസിയം നടത്തി, റവ. ഡോ. ജേക്കബ് കുര്യൻ മോഡറേറർ ആയിരുന്നു. റവ. ഡോ. എം. എ. മത്തായി സിമ്പോസിയം ഉദ്ഘാടനം ചെയ്തു. ഡീക്കൻ എം. സി. പൗലോസ്, എം. സമുവേൽ, എസ്. യോഹന്നാൻ, സജി ഡാനിയേൽ, ജേക്കബ് മാത്യു, ബിജേഷ് ഫിലിപ്പ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. മുൻ കേരള തിയോളജിക്കൽ സ്ററുഡൻറ്സ് കോൺഫറൻസ് ജനറൽ സെക്രട്ടറി ഡീക്കൻ സൈമൺ സ്കറിയാ സ്വാഗതവും ഡീക്കൻ യോഹന്നാൻ നന്ദിയും പറഞ്ഞു.

## ഉപവാസവും പ്രാർത്ഥനയും

തിരുവല്ല ഇമ്മാം സുവാർത്താ മിഷന്റേയും, പാലിയേക്കര സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയുടേയും സംയുക്താഭിമുഖ്യത്തിൽ ഒക്ടോബർ 19 മുതൽ 21 വരെ രാഷ്ട്രത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി ത്രിദിന ഉപവാസധ്യാനം നടത്തി. വി. കുർബാന അനുഭവിച്ചു. പോൾ സിനിരാജ് മുഹമ്മദ് ധ്യാനത്തിന് നേതൃത്വം നൽകി. ശെമ്മാശ റമ്പാൻ, സി. വി. ജോർജ് കോറെപ്പിസ്ക്കോപ്പ, ഫാ. എം. എസ്. ഉമ്മൻ, ഫാ. മാത്യു വൈദ്യൻ, ഫാ. വൈ. തോമസ്, പ്രൊഫ. കെ പി. തോമസ്, വി. ജെ. കുര്യൻ, കെ. സി. മാണി, ബാബു നായർ, ദിവാകരൻ, ശ്രീമതി ചിന്നമ്മ ചാക്കാ, കനകമ്മ എന്നിവർ പ്രസംഗിച്ചു.

എല്ലാ മാസവും രണ്ടാമത്തെ വെള്ളിയാഴ്ച പകൽ 9 മുതൽ 3 മണിവരെ പാലിയേക്കര പള്ളിയിൽ വച്ച് ധ്യാനയോഗം നടത്തുവാൻ തീരുമാനിച്ചു. പ്രസ്തുത യോഗങ്ങൾക്ക് പോൾ സിനിരാജ് മുഹമ്മദ് നേതൃത്വം നൽകുന്നതായിരിക്കും.



പള്ളി
തിരുവസ്ത്രങ്ങൾക്ക്

Phone PP. 8498

കാപ്പ, ചിത്തോല, വിരിക്കൂട്ട്, ഊറാറ, കാസക്ക്, ശീലമുടി, പള്ളിമറകൾ എന്നിവ കൃത്യമായും ഭംഗിയായും ചെയ്തു കൊടുക്കുന്നു.

ST. THOMAS EMBROIDERY WORKS
Devalokam P. O.
Kottayam–38

Proprietor: THOMAS PULICKAL



# ബൈബിൾ പഠനം

**ഡീ. എം. സി. ചെറിയാൻ**

### പാഠം 69

വിജയിയുടെ പേരും വിലാസവും

പേര്. പി. ഡി. അമ്മിണി
വിലാസം. പനയ്ക്കൽ, കുന്നംകുളം
ഭദ്രാസനം: കുന്നംകുളം
രജി. നമ്പർ. 6879

### പാഠം 60
### ശരിയായ ഉത്തരം
### നോമ്പ് പ്രാർത്ഥന

1. 5 യൽദോ നോമ്പ്, മൂന്നുനോമ്പ്, വലിയനോമ്പ്, ശ്ലീഹാ നോമ്പ്, ശൂനോയോ നോമ്പ്.
2. 2 മൂന്നു നോമ്പ്, വലിയ നോമ്പ്.
3. 2 (3) സാധാരണയായി രണ്ട്.
   വചനിപ്പ് വലിയ നോമ്പിലും, കൂടാരപ്പെരുനാൾ ശൂനോയോ നോമ്പിലും, മൂന്നുനോമ്പ് ഫെബ്രു. രണ്ടിനു മായൽത്തോ ദിവസം ചില അവസരങ്ങളിൽ വരാറുണ്ട്.
4. 3 യൽദോ നോമ്പ്: ഡിസം. 1
   ശ്ലീഹാ നോമ്പ്: ജൂൺ 16
   ശൂനോയോ നോമ്പ്: ആഗസ്ററ് 1
5. 2 മൂന്നുനോമ്പ്, വലിയ നോമ്പ്
6. 2 ബുധൻ, വെള്ളി
7. 8 (7, 6) നോമ്പിലെ ഞായറാഴ്ചകളായി എട്ടു ഞായറാഴ്ചകൾ ഉണ്ട്. എന്നാൽ പേത്രർത്താ ഞായറും ഉയിർപ്പു ഞായറും നോമ്പുള്ള ദിവസങ്ങളല്ലല്ലോ.
8. 0 നോമ്പിനു പ്രാധാന്യം ഉള്ളവർ ഒരു നോമ്പിലും വിവാഹ കൂദാശ നടത്തുകയില്ല. അല്ലാത്തവർക്ക് നോമ്പ് പ്രശ്നമല്ലല്ലോ.
9. 2 ശനി, ഞായർ.
10. 102 25 നോമ്പിൽ 24 ദിവസം. 3 നോമ്പിൽ 3 ദിവസം. വലിയനോമ്പിൽ 48 ദിവസം. 13 നോമ്പിൽ 13 ദിവസം. 15 നോമ്പിൽ 14 ദിവസം.

### വിജയികൾ

1. പി. ഡി. അമ്മിണി, കുന്നംകുളം
2. ജോർജ് മുതലാളി, കൊച്ചി
3. രാജാ ജോയി തരകൻ, പാററ്നാ
4. പി. സി. ചെറിയാൻ, ദുർഗ്ഗ്
5. മോളി മാത്യൂസ്, നാരങ്ങാനം
6. ശെമ്മാ ജോൺ, തൃശിനാപ്പള്ളി
7. ക്ഷേമാ മാത്യു, പുതുപ്പള്ളി
8. പി. വി. അച്ചാമ്മ, മഞ്ഞപ്ര
9. റിനി അലക്സ്, കവിയൂർ
10. കെ. വി. തോമസ്, കരഗ്പൂർ
11. ഡോ. ഏലിയാമ്മ ഐസക്, പുത്തൂർ
12. മറിയാമ്മ കോശി, കല്ല്യാൺ
13. അച്ചാമ്മ പീററർ, വാഴൂർ
14. വറുഗീസ് ജോൺ, കവിയൂർ
15. ററി. ജെ. സ്കറിയാ, തുമ്പമൺ
16. ഏലിയാമ്മ പൗലോസ്, ചെല്ലങ്കോട്
17. സി. വി. പാപ്പച്ചൻ, കുന്നംകുളം
18. പൊന്നമ്മ തോമസ്, അഹമ്മദബാദ്
19. പുഷ്പാ ജോർജ്, കോയിപ്രം
20. ശോശാമ്മ തോമസ്, കിടങ്ങന്നൂർ
21. ജിജി മത്തായി, ചെങ്ങമനാട്
22. റീനാ ശാമുവേൽ, ചെങ്ങമനാട്
23. ജേക്കബ് തയ്യിൽ, കരപ്പുഴ
24. എൽസമ്മ മാണി, കങ്ങഴ
25. പൗലോസ് വി. എം., അഞ്ചുകുന്ന്
26. ഏലിയാമ്മ വറുഗീസ്, കോട്ടയം
27. മറിയാമ്മ എബ്രഹാം, കോട്ടയം
28. വിൽസി വറുഗീസ്, ഇഴക്കാട്ട്
29. സാറാമ്മ കുറിയാക്കോസ്, കല്ലിശ്ശേരി
30. കോശി മത്തായി, നന്ദിനി
31. ഡോർളി കോശി, നന്ദിനി
32. ജി. കുട്ടി, ചെങ്ങമനാട്
33. റെച്ചൽ ചാക്കോ, മല്ലപ്പള്ളി
34. ജോർജ് പി. മത്യു, കല്ലിശ്ശേരി

പാഠം 69–ന്റെ ഉത്തരവും വിജയികളുടെ പേരും മൂകളിൽ കൊടുത്തിരിക്കുന്നു. തെററുവരുത്തിയവർ മാസികയിൽ കൊടുത്തിരിക്കുന്ന ഉത്തരം നോക്കി തങ്ങളുടെ കൈവശം ഉള്ള ഉത്തരം ശരിയാക്കുക.

കഴിഞ്ഞ രണ്ടു മാസമായി ബൈബിൾ പഠനത്തിൽ പുതിയ പാഠമില്ലാത്തതിനാൽ വിശ്രമത്തിലായിരുന്നല്ലോ. കഴിഞ്ഞ ആറു വർഷം കൊണ്ട് സാധാരണ വായിക്കുന്നതു കൂടാതെ ഒരു പ്രാവശ്യം കൂടെ ബൈബിൾ മുഴുവൻ വായിച്ചുതീർക്കുവാൻ സഹകരിച്ചതിൽ പ്രത്യേക നന്ദിയുണ്ട്.

'ബൈബിൾ സമ്പർക്കപദ്ധതി' എന്ന പംക്തിയാണ് ഇനിയും ഉദ്ദേശിക്കുന്നത്. നിരന്തരമായ ബൈബിൾ സമ്പർക്കം ബൈബിളിനോടുള്ള നമ്മുടെ താത്പര്യം വർദ്ധിപ്പിക്കും.

ബൈബിളിലെ പുസ്തകങ്ങളുടെ പേരു പഠിക്കുക. ബൈബിളിലെ ക്രമത്തിനു പഠിക്കുക. അവയുടെ അദ്ധ്യായം എത്ര? ബൈബിളിലെ ഇത്രാമത്തെ പുസ്തകം ഏതെന്നു ചോദിച്ചാൽ വേഗത്തിൽ പറയാൻ സാധിക്കുക. നിർദ്ദേശിക്കുന്ന വേദഭാഗം വേഗത്തിൽ എടുക്കുക എന്നിവയാണ് ഇതിന്റെ പ്രാരംഭമായിട്ടുള്ളത്.

മത്തായി 29:17 വായിക്കാൻ പറഞ്ഞാൽ ഉടനെ മത്തായിയുടെ സുവിശേഷം 28 അദ്ധ്യായമേ ഉള്ളു എന്നു പറയുവാൻ കഴിയണം. വേദപുസ്തകത്തിലെ 42–ാം പുസ്തകം എന്നുകേട്ടാൽ ലൂക്കോസിന്റെ സുവിശേഷം എന്നു വേഗത്തിൽ പറയുവാൻ സാധിക്കണം. അതുപോലെ കേട്ടാൽ ഉടനെ ഇന്ന പുസ്തകം എവിടെ എന്നു കണ്ടുപിടിക്കാൻ സാധിക്കണം. നിരന്തരമായ ബൈബിൾ സമ്പർക്കത്തിന് ഇത് ആവശ്യമാണ്.

ഇതു ബൈബിളിൽ ഉണ്ടോ? എന്നു ചോദിച്ചാൽ സംശയം കൂടാതെ ഉത്തരം ശരി/തെററ് പറയുവാനുള്ള നൈപുണ്യം നേടണം. കൂടാതെ ഓരോ ദിവസവും 20 ചോദ്യവും അതിന്റെ ഉത്തരവും കണ്ടുപിടിക്കുക. അടുത്ത പ്രാവശ്യം ബൈബിൾ പഠിച്ചു കഴിയുമ്പോൾ 10000 ചോദ്യവും അതിന്റെ ഉത്തരവും നിങ്ങൾക്കു സ്വന്തമാക്കാം. ഈ സമയം കൊണ്ട് കുറഞ്ഞത് 1000 ചോദ്യവും അതിന്റെ ഉത്തരവും മാസികയിലൂടെ എത്തുന്നതാണ്.

ഓരോ വർഷവും പഠിക്കുന്ന പാഠങ്ങളുടെ മത്സരം നടത്തണം എന്നാഗ്രഹമുണ്ട്. ഇതിലേക്കും പുതിയ പഠന പംക്തിയിലേക്കും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും Dn. M. C. Cherian, Orthodox Student Centre, Trivandrum–1, 695001 എന്ന വിലാസത്തിൽ അയയ്ക്കുക.

—৹—

## ഫാ. കെ. സി. മാത്യു നിര്യാതനായി



കരിപ്പാൽ കെ. സി. മത്യൂസ് അച്ചൻ (72) ഒക്ടോബർ 7–ാം തീയതി നിര്യാതനായി. ശവസംസ്ക്കാരം പ. കാതോലിക്കാബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ നാലുന്നാക്കൽ മാർ ഗ്രീഗോറിയോസ് പള്ളിയിൽ 8–ാം തീയതി നടത്തി. മെത്രാപ്പോലീത്തമാരായ മാർ പക്കോമിയോസ്, മാർ ഈവാനിയോസ് എന്നിവരും റമ്പാൻമാരും വൈദികവിദ്യാർത്ഥികളടക്കം നിരവധി വൈദികരും, വിശ്വാസികളും ശവസംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചു. ബഹു. അച്ചൻ ഔഗേൻബാവാ തിരുമനസ്സിലെ സെക്രട്ടറിയായി ദീർഘകാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കാരാട്ടുകുന്ന്, വാകത്താനം സെന്റ് ജോർജ്, ചീരഞ്ചിറ സെന്റ് മേരീസ്, നാലുന്നാക്കൽ മാർ ഗ്രീഗോറിയോസ് എന്നീ പള്ളികളിൽ വികാരിയായിരുന്നിട്ടുണ്ട്.

## ആശ്രമസുപ്പീരിയർ

പട്ടാഴി കാൽവറി ആശ്രമത്തിന്റെ സുപ്പീരിയരായി ഭിവ്യശ്രീ. വർഗ്ഗീസ് റമ്പാൻ ചാർജ്ജെടുത്തു. ആശ്രമത്തോടുചേർന്നുള്ള മാർ ഗ്രീഗോറിയോസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളിന്റെ മാനേജരും റമ്പാച്ചനാണ്.

—৹—



കവൈററ്, മാർ ബസ്സേലിയോസ് മൂവ്മെൻറിന്റെ ഭവനദാനപദ്ധതി പ്രകാരം സഹായം ലഭിച്ച നരിയാംപാറ തകിടിയേൽ വീട്ടിൽ ശോശാമ്മ നൈനാന്റെ വീടിന്റെ ശിലാസ്ഥാപനം അഭിവന്ദ്യ ബർണബാസ് തിരുമേനി നടത്തിയപ്പോൾ.



അഹമ്മദബാദ് സെൻറ്മേരീസ് സ്കൂളിനുവേണ്ടി പണികഴിപ്പിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം വിദ്യാഭ്യാസമന്ത്രി Sri. Harmukhbhai Patel നിർവഹിക്കുന്നു. ഇടവക മെത്രാപ്പോലീത്താ ഡോ. പീലിപ്പോസ് മാർ തെയോഫിലോസ്, വികാരി ഫാ. ജോഷ്വാ ജോൺ എന്നിവർ സമീപം.



# THE MALANKARA SABHA

CATHOLICATE OFFICE, KOTTAYAM–686 038

FOR FAVOURS RECEIVED



Mrs. Ponnamma Abraham
Saudi Arabia.

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Rev. Dr. Jacob Kurian